# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെമ്പായം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 7-1610/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/01/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെമ്പായം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ റ്റി വി എം /ജി പി 7-1610/22 തീയ്യതി: 11/01/2023

## തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 62 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ കെ | ഡെപ്യൂട്ടി ഡയറക്ടർ | 01-04-2021 | 31-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2022 | 30-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലിഷ. കെ വി , ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ. എസ്. ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജുനൈദ അഹമ്മദ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീന ജയൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സന്തോഷ് കുമാർ.ജെ.എസ് | സെക്രട്ടറി | 01-04-2021 | 21-06-2021 |
| ശ്രീ.റഫീഖ്.ബി | സെക്രട്ടറി | 22-06-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദീപ.സി.ഡി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ഡോ.സ്വിനോള | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ആവിസ് ഫിലിപ്പ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ഹേമ ശങ്കർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.സിസിലിറ്റ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി സഫീന.എസ് | വി ഇ ഒ (സർക്കിൾ 1) | 01-04-2021 | 04-07-2021 |
| ശ്രീ.ദീജു.എസ്.എസ് | വി ഇ ഒ (സർക്കിൾ 1) | 05-07-2021 | 31-03-2022 |
| ശ്രീമതി സഫീന.എസ് | വി ഇ ഒ (സർക്കിൾ 2) | 01-04-2021 | 20-08-2021 |
| ശ്രീ.ദിജു.എസ്.എസ് | വി ഇ ഒ (സർക്കിൾ 2) | 21-08-2021 | 11-11-2021 |
| ശ്രീ.ബിധു.ആർ.നായർ | വി ഇ ഒ (സർക്കിൾ 2) | 12-11-2021 | 31-03-2022 |
| ശ്രീമതി പത്മ കുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജീവ്.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 27-07-2021 |
| ശ്രീമതി ദീപ്തി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 28-07-2021 | 31-03-2022 |
| ശ്രീ.ഷറഫുദ്ദീൻ.ഇ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശാന്തി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീ.സുരേഷ് ബാബു.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത | സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫ് ഫിഷറീസ് | | |

...

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് അപാകതകൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 5 | രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-2-2 |
| 6 | ഗ്രാന്റ് വിനിയോഗം | 1-3 |
| 7 | പദ്ധതി അവലോകനം | 1-4 |
| 8 | ക്ഷേമപദ്ധതികൾ | 1-5 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി | 1-5-1 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല | 1-5-2 |
| 11 | പ്രായപരിധി കഴിഞ്ഞയാളിന് തൊഴിൽരഹിത വേതനം നൽകി | 1-5-3 |
| 12 | ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം. | 1-5-4 |
| 13 | ക്യാഷ് പരിശോധന | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 17 | രസീത് പരിശോധന | 1-10 |
| 18 | ഫ്രണ്ട് ഓഫീസിൽ വരവ് വന്ന ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടില്ല | 1-11 |
| 19 | ഇ ടെണ്ടർ ഫോം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-12 |
| 20 | വാടക – അപാകങ്ങൾ | 1-13 |
| 21 | വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 1-13-1 |
| 22 | വാടക വർദ്ധനവ് വരുത്തിയിട്ടും പുതുക്കിയ തുക ഈടാക്കിയിട്ടില്ല. | 1-13-2 |
| 23 | ലൈസൻസ് - അപാകങ്ങൾ | 1-14 |
| 24 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല. | 1-14-1 |
| 25 | റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-14-2 |
| 26 | വളർത്ത് നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല | 1-14-3 |
| 27 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. | 1-14-4 |

| | | |
|---|---|---|
| 28 | വസ്തു നികുതി - വിവിധ അപാകങ്ങൾ | 1-15 |
| 29 | കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല | 1-15-1 |
| 30 | മൊബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല | 1-15-2 |
| 31 | 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത | 1-15-3 |
| 32 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-15-4 |
| 33 | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത | 1-15-5 |
| 34 | കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ | 1-15-6 |
| 35 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-15-7 |
| 36 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു | 1-15-8 |
| 37 | തൊഴിൽ നികുതി - വിവിധ അപാകതകൾ | 1-16 |
| 38 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-17 |
| 39 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച 993300/- രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിലേയ്ക്ക് മാറ്റി | 1-18 |
| 40 | കാർഷിക മേഖല – സ്പിൽ ഓവർ പ്രോജക്ടുകളിലെ അപാകതകൾ | 1-19 |
| 41 | സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി - മോണിറ്ററിംഗ് കാര്യക്ഷമമല്ല | 1-19-1 |
| 42 | സുഭിക്ഷകേരളം-പടുതക്കുളം മത്സ്യകൃഷി - അനർഹമായി നൽകിയ 25276 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19-2 |
| 43 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ധനസഹായം നൽകി - 9320/- രൂപ തടസ്സപെടുത്തുന്നു | 1-19-3 |
| 44 | അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു | 1-19-4 |
| 45 | തുല്യത തുടർ വിദ്യാഭ്യാസം പ്രോജക്റ്റ് - 79100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 46 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-21 |
| 47 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല | 1-21-1 |
| 48 | മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം | 1-21-2 |
| 49 | ഹോമിയോ ആശുപത്രിക്കു മരുന്ന് വാങ്ങൽ - അപാകങ്ങൾ | 1-22 |
| 50 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പദ്ധതി തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. | 1-23 |
| 51 | പാലീയേറ്റീവ് കെയർ - മരുന്നിന്റെ സ്റ്റോക്ക് വിവരങ്ങളും ക്രെഡിറ്റ് ഇൻവോയിസ് ബില്ലിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-24 |

| | | |
|---|---|---|
| 52 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല .-ചെലവ് തുക 1625000/-രൂപ തടസ്സപ്പെടുത്തുന്നു | 1-25 |
| 53 | ഭവനപുനരുദ്ധാരണം(ജനറൽ) പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 54 | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക 68,66,286/-രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 55 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിലേർപ്പെടാതെ തുക നൽകി | 1-27-1 |
| 56 | അങ്കണവാടികളുടെ പ്രവർത്തനാവലോകനം | 1-28 |
| 57 | TR 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല | 1-28-1 |
| 58 | റോഡ് കണക്റ്റിവിറ്റി മാപ്പ്-തയ്യാറാക്കിയിട്ടില്ല. | 1-29 |
| 59 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- അപാകങ്ങൾ | 1-30 |
| 60 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ് | 1-31 |
| 61 | പാഥേയം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-32 |
| 62 | ടേക്ക് എ ബ്രേക്ക് പദ്ധതി ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-33 |
| 63 | എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല. | 1-34 |
| ഭാഗം **2** | | |
| 1 | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] | 2-1 |
| ഭാഗം **3** | | |
| 1 | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം] | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് /സർ ചാർജ്ജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ബജറ്റ് 24.02.2021 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18598237 |
| വരവ് | 627633500 |
| ആകെ | 646231737 |
| ചെലവ് | 634364808 |
| നീക്കിയിരിപ്പ് | 11866929 |

2021-22 ലെ പുതുക്കിയ ബജറ്റ് 03.03.2022 ലെ അടിയന്തിര യോഗം 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-1-1 ബജറ്റ് അപാകതകൾ

എ) ബജറ്റ് രൂപീകരണം

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/ തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/ സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

1. 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ (തീയതി ഉൾപ്പെടെ) ലഭ്യമാക്കിയിട്ടില്ല.

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

എ) ബജറ്റ് പ്രസംഗം

ബി) ബജറ്റ് കുറിപ്പുകൾ (Annexure 6)

സി) പെർഫോമൻസ് ബജറ്റ് (Annexure 10)

ഡി) ജെൻഡർ ബജറ്റ്(Annexure 11)

ഇ) ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞ രേഖകൾ ഉൾപ്പെട്ട ബജറ്റ് ഫയൽ ലഭ്യമാക്കിയിട്ടില്ല.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും

നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകന സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു.

ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ ക്ഷീരവികസന ഓഫീസിൽ നിന്നുള്ള വിശദാംശങ്ങൾ മാത്രമാണ് നൽകിയത്. മറ്റ് ഘടകസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ആവശ്യകതാ പട്ടിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/25.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

ബി) ബജറ്റ് തുക വകയിരുത്തൽ – അപാകതകൾ

1. പഞ്ചായത്ത്‌രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2021-22 ലെ ബജറ്റ്, 2021-22 ലെ റിവൈസ്ഡ് ബജറ്റ് എന്നിവയിൽ തുക വകയിരുത്താതെ ചുവടെ പറയുന്ന ഇനത്തിൽ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2105001 | ജീവനക്കാരുടെ പിഎഫ് കോൺട്രിബ്യൂഷൻ | - | - | 130070 |

2. വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതലായി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 1101001 | വസ്തു നികുതി | 7000000 | 6560665 |
| 2 | 1102001 | തൊഴിൽ നികുതി | 1900000 | 1810275 |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 20/26.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള

പഞ്ചായത്ത്‌രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.06.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. ആയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

3. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ 430100101- Opening Stock-Stores, 430100101-Closing Stock-Stores എന്നീ ഹെഡ്ഡുകൾ ഉൾപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 47203909.15 ആണ്. എന്നാൽ 2021-22 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസിൽ 310900101- Excess Of Income Over Expenditure എന്ന ഹെഡ് ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ പ്രസ്തുത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 3522 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ടി തുക ഏതൊക്കെ പ്രോജക്ടുകളുമായി ബന്ധപ്പെട്ടവയാണെന്നും ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണെങ്കിൽ അതിന് സ്വീകരിച്ച നടപടികളുടെ വിവരവും അറിയിച്ചിട്ടില്ല.

6. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ 350300101 – Government And Other Dues Payable – Library Cess എന്ന ഹെഡ്ഡിൽ 332518.85 രൂപയും 350300109 – Government And Other Dues Payable-refund Of Unutilised Grants Of Prior Period-460634 രൂപയും 350300103- Government And Other Dues Payable –Value Added Tax എന്ന ഹെഡ്ഡിൽ 25786 രൂപയും സർക്കാരിലേക്ക് ഒടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൂടാതെ 350800299 – Other Liabilities എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന 113900 രൂപയുടെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

7. 2021-22 വർഷത്തെ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| കോഡ് | ഇനം | തുക |
|---|---|---|
| 460100105 | Tour Travelling Allowance Advance | 4300 * |
| 460500304 | Advance To Kudumbasree Neighbourhood Group | 1000 * |
| 460500501 | Advance To Implementing Officers | 671130 |
| 460100199 | Other Advances | 105600 |
| 460509901 | Advance To Others | 1477769 |

* 2020-21 വർഷം മുതൽ തുടരുന്നു.

കൂടാതെ 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും 2021-22 വർഷത്തെ ബാലൻസ് ഷീറ്റിലും 460500204 - Advance To

Implementing Agencies – Deposit With Ground Water Departmentഎന്ന ഹെഡ്ഡിൽ 524500 രൂപ അവശേഷിക്കുന്നതായി കാണുന്നു.

8. ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാർക്കുള്ള വേതനം, ജനപ്രതിനിധികളുടെ ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ പ്രകാരമുള്ള മാർച്ച് 2022 ലെ ചെലവുകൾക്ക് ബാലൻസ്ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9. 2020-21 വർഷം ചെലവഴിക്കാതെ അവശേഷിച്ച 320700205-Contributions For Joint Venture Project (For Revenue Expenditure)-from District Panchayats ഹെഡ്ഡിലുള്ള 415775 രൂപ തൻവർഷവും ചെലവഴിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്നു. ആയത് വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമല്ല.

10. വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|---|
| 1 | 320200322 | 3216695 |
| 2 | 320200399 | 61538 |
| 3 | 320400199 | 1553300 |
| 4 | 320700102 | 2806830 |
| 5 | 320700204 | 806910 |

മേൽപ്പറഞ്ഞവ നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

11. 31.03.22 ലെ ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Fixed Asset- ളുടെ മൂല്യവും ധനകാര്യ പത്രിക പ്രകാരമുള്ള മൂല്യവും പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അസറ്റ് ഇനം | ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.22 ലെ മൂല്യം | വാർഷിക ധനകാര്യ പത്രിക ബി-11 ഷെഡ്യൂൾ പ്രകാരമുള്ള മൂല്യം |
|---|---|---|---|
| 1 | Movable Assets-Office Equipments | 2048696 | 3539109 |
| 2 | Drinking Water Source(pipe Line, Well Etc) | 3812724 | 5826002 |

12. B5 ഷെഡ്യൂളിലെ നീക്കിയിരിപ്പും (65896000) B16 ഷെഡ്യൂളിലെ നീക്കിയിരിപ്പും (65036000) പൊരുത്തപ്പെടുന്നില്ല. വ്യത്യാസമുള്ള 860000/- രൂപ ക്രെഡിറ്റ് ചെയ്ത അക്കൗണ്ട് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13. B-9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 204120/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ ലഭ്യമാക്കിയിട്ടില്ല.

14. ചുവടെ പറയുന്ന ഇനങ്ങളുടെ 2021-22 വർഷത്തെ ഡിസിബി സ്റ്റേറ്റ്മെന്റ്, പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | |
|---|---|---|---|---|---|
| | | ഡിമാന്റ് | കളക്ഷൻ | ഡിമാന്റ് | കളക്ഷൻ |
| 1 | Property Tax - Residential | 4760418 | 3362881 | 3207707 | 3267143 |
| 2 | Property Tax - Non Residential | 4225320 | 3515530 | 3352958 | 3202522 |

15. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (9161378), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (2190020) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16. വാർഷിക ധനകാര്യ പ്രകാരമുള്ള ഗുണഭോക്തൃ വിഹിതത്തിന്റെ വരവ്-ചെലവ്- നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| മുന്നിരിപ്പ് | വരവ് | ചെലവ് | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|
| 177203 | 1834864 | 0 | 2012067 | 3522 |

17. I-18 Prior Period Item പ്രകാരം ഹെഡ് നം. 280200401 – Prior Period Income-Other Incomes വരവ് തുക 12242 രൂപ പോസിറ്റീവ് ബാലൻസ് ആണ്.

18. ലഭ്യമാക്കിയ ലോൺ രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

19. ആദായനികുതി ടിഡിഎസ് ഇനത്തിൽ അക്കൗണ്ട്സ് പ്രകാരമുള്ള വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | മുന്നിരിപ്പ് (2020-21ബി-9 പ്രകാരം) | വരവ് | സർക്കാരിലേയ്ക്ക് ഒടുക്കിയ തുക | നീക്കിയിരിപ്പ് (2021-22 ബി-9 പ്രകാരം) |
|---|---|---|---|---|
| 350200201 | 517 | 3354 | 13406 | 2486 |

20. 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ 450230102 ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടുള്ള SCB OWN FUND എന്ന ബാങ്ക് അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ലെഡ്ജർ പ്രകാരം 31.03.2014 നാണ് പ്രസ്തുത അക്കൗണ്ടിൽ അവസാനമായി ധനമിടപാടു നടത്തിയതായി കാണുന്നത്. 1500 രൂപ നീക്കിയിരിപ്പുള്ള പ്രസ്തുത അക്കൗണ്ട് ഇപ്പോഴും ആക്ടീവാണോയെന്ന് വ്യക്തമല്ല. അക്കൗണ്ടു ക്ലോസ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും ഇല്ലായെങ്കിൽ 8 വർഷമായി നിഷ്ക്രിയമായി കിടക്കുന്ന പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/23.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

21. ചുവടെ ചേർക്കുന്ന ഗ്രാന്റുകളുടെ 2020-21 വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Fund/Grant | Item | Expenditure |
|---|---|---|
| Development Fund (CFC Tied ) | ACR | 6302664 |
| | Accounts | 7242000 |
| Development Fund (CFC Untied) | ACR | 4299578 |
| | Accounts | 4892913 |
| Maintanence Fund (Road Assets) | ACR | 18092303 |
| | Accounts | 15369449 |
| Maintanence Fund (Non Road Assets) | ACR | 7773572 |
| | Accounts | 7703995 |

22. വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള 160100108- Development Fund CFC Performance Grant ന്റെ എസിആർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
23.കെ.എസ്.ഇ.ബി യ്ക്ക് നൽകിയ ഡെപ്പോസിറ്റ് തുകയായ 11300/- രൂപയുടെ ചെലവ് RP-47, ബാലൻസ് ഷീറ്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

ക്രമ നം.1 മുതൽ 9 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.5/23.08.22 ന് ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും എഎഫ്എസ് Porting Tool മുഖേന നേരിട്ടാണ് Aims സൈറ്റിലേയ്ക്ക് എഎഫ്എസ് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതെന്നും ആയതിനാലാണ് ആവശ്യപ്പെട്ട റിപ്പോർട്ടുകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം സമർപ്പിക്കാൻ സാധിക്കാത്തതെന്നും അറിയിച്ചിരിക്കുന്നു.

2. അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റുകൾ അതാത് ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ ഡിസിബി സംഗ്രഹത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. എന്നാൽ വർഷാന്ത്യ ഡിസിബി സ്റ്റേറ്റ്മെന്റ് മാത്രമാണ് ഓരോ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. വരുംവർഷങ്ങളിൽ സ്റ്റോക്ക് വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4. അപാകത പരിഹരിക്കുന്നതിനായി ഐകെഎം ന് റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

5. മറുപടി ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 3522 രൂപ ചെലവഴിക്കേണ്ടതും ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

6. സർക്കാരിലേയ്ക്ക് ഒടുക്കുവാനവശേഷിക്കുന്ന തുകകൾ എത്രയും വേഗം ഒടുക്കു വരുത്തേണ്ടതും 350800299 – Other Liabilities എന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന 113900 രൂപയുടെ വിശദാംശവും ലഭ്യമാക്കേണ്ടതുമാണ്.

7. അഡ്വാൻസ് ഇനത്തിൽ അനുവദിച്ച തുകകൾ തിരികെ ലഭിക്കുന്ന മുറയ്ക്ക് അഡ്ജസ്റ്റ് ചെയ്യുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. കൂടാതെ ഭൂജലവകുപ്പിന് അനുവദിച്ച 5,00,000 രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അതു പ്രകാരം ബാക്കിയുള്ള 74492 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും 60500204 - Advance To Implementing Agencies – Deposit With Ground Water Departmentഎന്ന ഹെഡ്ഡിൽ അവശേഷിക്കുന്ന 524500 രൂപയിൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത 24500 രൂപയുടെ (524500-500000) വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

8. മാർച്ച് മാസത്തിലെ ചെലവുകൾക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തുന്നതിന് വരുംവർഷങ്ങളിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

9. ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ അവശേഷിക്കുന്ന തുക പ്രോജക്ട് ചെലവിന് ആവശ്യമില്ലെങ്കിൽ തിരികെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

ക്രമ നം.10 മുതൽ 16 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.8/24.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.17 മുതൽ 19 വരെയുള്ള അപാകതകൾ ഉൾപ്പെടെ വിവിധ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.31/27.08.22 ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽപ്പറഞ്ഞ അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.
ക്രമ നം.20 മുതൽ 22 വരെയുള്ള അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.38/28.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ക്രമ നമ്പർ 23 ന്റെ മറുപടി തൃപ്തികരമല്ല.
മേൽ അപാകതകൾ പരിഹരിച്ച് വരും വർഷങ്ങളിൽ വാർഷിക ധനകാര്യ പത്രിക കുറ്റമറ്റതാക്കി തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-2 രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ അവയിലെ നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല എന്ന് കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഡെപ്പോസിറ്റ് രജിസ്റ്റർ- രജിസ്റ്റർ പ്രകാരം ചുവടെ പറയുന്ന വിവിധ ഡെപ്പോസിറ്റുകളിൽ നീക്കിയിരിപ്പുള്ള തുകകൾ വാർഷിക കണക്കിലെ ബി-7 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഡെപ്പോസിറ്റ് ഇനം | വാർഷിക കണക്ക് ബി-7 പ്രകാരമുള്ള തുക | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ തുക | രജിസ്റ്റർ പ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുക |
|---|---|---|---|---|
| 1 | Suppliers EMD | 10725 | 12000 | 12000 |
| 2 | Bidders EMD | 116110 | 123622 | 91322 |
| 3 | Contractors Security Deposit | 73175 | 21250 | 21250 |
| 4 | Suppliers Security Deposit | 113166 | 196151 | 150777 |

| | | | | |
|---|---|---|---|---|
| 5 | Contractors Retention | 69749 | 567474 | 536351 |
| 6 | Other Deposit | 49070 | 10889 | 2500 |
| 7 | Rent Deposit | 23287 | 21487 | 15487 |
| 8 | Auction Deposit | 153172 | 162692 | 59420 |
| 9 | Road Cutting Deposit | 15046 | 19175 | - |

കൂടാതെ രജിസ്റ്ററിൽ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുന്നതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. Contractors EMD, Bidders EMD, Contractors Retention, Auction Deposit എന്നീ ഇനങ്ങളിൽ ഒഴികെയുള്ളവയുടെ വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2020-21 വാർഷിക കണക്ക് മുതൽ നീക്കിയിരിപ്പുള്ള അതേ തുകയാണ്.

2. അഡ്വാൻസ് രജിസ്റ്റർ - രജിസ്റ്റർ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഓരോ ഇനത്തിലുമുള്ള മുന്നിരിപ്പ് വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

ബി) 2021-22 ൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുക അനുവദിച്ചതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സി) 2021-22 ലെ വാർഷിക കണക്ക് ബി-18 പ്രകാരമുള്ള വിവിധ അഡ്വാൻസുകളുടെ നീക്കിയിരിപ്പ് സംക്ഷിപ്തം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഡി) അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 40/29.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ബന്ധപ്പെട്ട രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റിനായി ഓഡിറ്റ് റിക്വിസിഷൻ (നമ്പർ 01/25.08.2022) നല്കിയിരുന്നു. 03.01.2023 തീയതിയിൽ ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പരിശോധിച്ചതിൻ പ്രകാരം ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18161941 | 18161941 | 18157208 | 4733 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 5801334 | 5801334 | 4498303 | 1303031 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 238000 | 238000 | 184797 | 53203 |
| വികസനഫണ്ട് (CFC Tied) | 0 | 11698922 | 11698922 | 6302664 | 5396258 |
| വികസനഫണ്ട് (CFC Untied) | 0 | 4828000 | 4828000 | 4299578 | 528422 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 22958741 | 22958741 | 18092303 | 4866438 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 0 | 10845749 | 10845749 | 7773572 | 3072177 |

1) ACR, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചെലവിലുള്ള വ്യത്യാസം

3.01.2023 ന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുംവിധം വ്യത്യാസങ്ങൾ കാണുന്നു.

| ഫണ്ട് | ACR പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 18157208 | 25451316 |
| വികസന ഫണ്ട് (SCP) | 4498303 | 4820969 |
| വികസന ഫണ്ട് (CFC Tied) | 6302664 | 6121424 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 18092303 | 15369449 |

| | | |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 7773572 | 7703995 |

2. വികസന ഫണ്ട് (ജനറൽ) ന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ് (-) 7289375. ആയത് വിശദീകരിക്കേണ്ടതാണ്.
എ) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 15465121 | 11159484 | 72.16 |
| | പട്ടിക ജാതി | 240000 | 180000 | 75 |
| | പട്ടിക വർഗ്ഗം | 44000 | 42800 | 97.27 |
| സേവനം | പൊതുവിഭാഗം | 90646760 | 52136084 | 57.51 |
| | പട്ടിക ജാതി | 9828666 | 4770666 | 48.54 |
| | പട്ടിക വർഗ്ഗം | 220000 | 220000 | 100 |
| പശ്ചാത്തലം | പൊതുവിഭാഗം | 32040604 | 18910194 | 59.02 |
| | പട്ടിക ജാതി | 225000 | 220303 | 97.92 |
| | പട്ടിക വർഗ്ഗം | 23119 | 23116 | 99.98 |

ബി) സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച 23.01.2017 ലെ സ.ഉ(അ)07/2017/ധന. പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ ു3.01.2023 ന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുംവിധം വ്യത്യാസങ്ങൾ കാണുന്നു. ക നിക്ഷേപിക്കുന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. കൂടാതെ, 03.07.2018 ലെ സ.ഉ(അ)100/2018/ധന., 24.01.2019 ലെ സ.ഉ(അ)7/2019/ധന. ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതിക്ക് പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിച്ചിട്ടുണ്ട്. 30.09.2021 ലെ ധനകാര്യ വകുപ്പിന്റെ 86/2021/ഫിൻ സർക്കുലർ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി പുതിയ ട്രഷറി അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം തദ്ദേശ സ്ഥാപനങ്ങ3.01.2023 ന് ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ താഴെപറയുംവിധം വ്യത്യാസങ്ങൾ കാണുന്നു. ൾ ഒരു സാമ്പത്തിക വർഷം വിനിയോഗിക്കാത്ത തുകകൾ സാമ്പത്തിക വർഷാവസാനം സർക്കാരിലേയ്ക്ക് തിരികെ ഒടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാത്ത തുകകൾ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 806910 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 415775 |
| 3 | 320700102 | മുനിസിപ്പൽ കോർപ്പറേഷൻ | 2806830 |

മേൽ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

(എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | അടങ്കൽ |
|---|---|---|---|

| നം. | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|---|---|
| I | കൃഷി ഓഫീസർ | 19 | 17 | 2 | 89 | 2556164 | 1650274 | 64 |
| Ii | വെറ്റിനറി സർജൻ | 13 | 12 | 1 | 92 | 6547700 | 4139867 | 63 |
| Iii | മെഡിക്കൽ ഓഫീസർ – PHC | 10 | 8 | 2 | 80 | 5530000 | 4441355+ *39577 | 81 |
| Iii | മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 0 | 100 | 340000 | 328721 | 97 |
| Iv | മെഡിക്കൽ ഓഫീസർ – ആയുർവേദം | 4 | 4 | 0 | 100 | 1675000 | 1674526 | 99 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 0 | 100 | 466200 | 24639 | 5 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ – സർക്കിൾ 1 | 25 | 19 | 6 | 76 | 35878897 | 16674263 | 46 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6 | 3 | 67 | 7885268 | 6511983+ **472226 | 88 |
| Viii | സെക്രട്ടറി | 34 | 22 | 12 | 65 | 22535704 | 18282270 | 81 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 103 | 57 | 46 | 55 | 52982521 | 23872879 | 45 |
| Xi | എച്ച്.എം. | 5 | 4 | 1 | 80 | 3718000 | 3616452 | 97 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 5 | 5 | 0 | 100 | 6345838 | 5695841 | 90 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1 | 89 | 2271978 | 749577 | 32 |
| ആകെ | | 239 | 165 | 74 | 69 | 143021970 | 88174450 | 62 |

*,** സുലേഖയിൽ ഉൾപ്പെടാത്ത ചെലവുകൾ

1) ആകെ വകയിരുത്തിയതിന്റെ 62 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് . ഇത്തരത്തിൽ ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/26-8-22) മറുപടി ലഭ്യമാക്കിയില്ല

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 103 പ്രോജക്ടുകളിൽ 57 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അകെ വകയിരുത്തിയ ഫണ്ടിന്റെ 45 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.

ബി)ഫിഷറീസ് സബ് ഇൻസ്പെക്ടർ തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയ 1 പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് വിനിയോഗം 5% ശതമാനം മാത്രമാണ്.

3)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0217/22 | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | S0226/22 | ന്യൂ ലൈഫ് പെരുങ്കുളം ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3 | S0197/22 | ഭൗമ വിവര പഞ്ചായത്ത് | സെക്രട്ടറി |
| 4 | S0198/22 | ഖരമാലിന്യ സംസ്കരണം ക്ലീൻ കേരള കമ്പനിക്ക് കൈമാറൽ | സെക്രട്ടറി |
| 5 | S0170/22 | പൂങ്കംമൂട് എൽ പി എസ്സിന് കെട്ടിട മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | So175/22 | മിനി എം സി എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | S0176/22 | ഉമ്പൂർ മുഴി വേസ്റ്റ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | S0182/22 | കൈതറമൂഴി വലിയ കാവ് ആയിര വില്ലി ക്ഷേത്രം റോഡ് കലുങ്ക് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 9 | S0151/22 | വാർഡു തല എം സി എഫുകളും നിലവിലുള്ള എം സി എഫിന്റെ നവീകരണവും | അസിസ്റ്റന്റ് എഞ്ചിനീയർ |
| 10 | S0152/22 | സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 11 | So 156/22 | റോഡ് കണക്റ്റിവിറ്റി പ്ളാൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 12 | So 201/22 | പാഥേയം | അസിസ്റ്റന്റ് സെക്രട്ടറി |

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന

പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, 4.2.2021 തീയതിയിലെ നമ്പർ ഭരണസമിതി തീരുമാനം I/(1) പ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ബി)2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയുടെ 4.2.2021-ലെ യോഗത്തിൽ ഭൂരഹിത ഭവന രഹിതർ ലിസ്റ്റിൽ ഇടം നേടിയിട്ടും നാളിതുവരെ ആനുകൂല്യം നൽകാത്ത സാഹചര്യത്തിൽ ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് പട്ടികജാതി വിഭാഗത്തിനും, ജനറൽ വിഭാഗത്തിനും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ജനറൽ വിഭാഗത്തിനായുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല .

സി ) ഓരോ വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

വികസന സെമിനാർ

1) 21-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിന്റെ മിനിട്സ് ലഭ്യമാക്കിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരു

3)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0217/22 | വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2 | S0226/22 | ന്യൂ ലൈഫ് പെരുക്കുർ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3 | S0197/22 | ഭൌമ വിവര പഞ്ചായത്ത് | സെക്രട്ടറി |
| 4 | S0198/22 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഖരമാലിന്യ സംസ്കരണം ക്ലീൻ കേരള കമ്പനിക്ക് കൈമാറൽ | സെക്രട്ടറി |
| 5 | S0170/22 | പൂങ്കംമൂട് എൽ പി എസ്സിന് കെട്ടിട മെയിന്റനൻസ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 6 | S0175/22 | മിനി എം സി എഫ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 7 | S0176/22 | ഉമ്പൂർ മുഴി വേസ്റ്റ് | അസിസ്റ്റന്റ് എഞ്ചിനീയർ |
| 8 | S0182/22 | കൈതറമൂഴി വലിയ കാവ് ആയിര വില്ലി ക്ഷേത്രം റോഡ് കലുങ്ക് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 9 | S0151/22 | വാർഡു തല എം സി എഫുകളും നിലവിലുള്ള എം സി എഫിന്റെ നവീകരണവും | അസിസ്റ്റന്റ് എഞ്ചിനീയർ |
| 10 | S0152/22 | സ്കൂൾ ടോയ്ലറ്റ് നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 11 | So 156/22 | റോഡ് കണക്റ്റിവിറ്റി പ്ളാൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| 12 | So 201/22 | പാഥേയം | അസിസ്റ്റന്റ് സെക്രട്ടറി |

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, 4.2.2021 തീയതിയിലെ നമ്പർ ഭരണസമിതി തീരുമാനം I/(1) പ്രകാരം ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

ബി) 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിനായുള്ള ആസൂത്രണ സമിതിയുടെ 4.2.2021-ലെ യോഗത്തിൽ ഭൂരഹിത ഭവന രഹിതർ ലിസ്റ്റിൽ ഇടം നേടിയിട്ടും നാളിതുവരെ ആനുകൂല്യം നൽകാത്ത സാഹചര്യത്തിൽ ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്നതിന് പട്ടികജാതി വിഭാഗത്തിനും, ജനറൽ വിഭാഗത്തിനും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ജനറൽ വിഭാഗത്തിനായുള്ള പദ്ധതി നടപ്പാക്കിയിട്ടില്ല .

സി) ഓരോ വാർഡുകളിലും മിനി എം സി എഫ് സ്ഥാപിക്കേണ്ടതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടില്ല .

വികസന സെമിനാർ

1) 21-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാറിന്റെ മിനിട്സ് ലഭ്യമാക്കിയിട്ടില്ല

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ, ആകെ ഒരു തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗുകളിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ നൽകിയിട്ടുള്ളത്. ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| 1 | വിദ്യാഭ്യാസം , കല സംസ്കാരവും | 5-2-21 | പൂങ്കംമൂട് പഴക്കമുള്ള സ്കൂൾ കെട്ടിടം -ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം |
| 2 | വനിതാ വികസനം | 23.2.2021 | ബഡ്സ് സ്കൂൾ , പകൽ വീട് എന്നിവ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുക |
| 3 | മൃഗസംരക്ഷണം, ക്ഷീരവികസനം | 23.2.21 | പഞ്ചായത്തിലെ തരിശ് ഭൂമി, പുറംമ്പോക്ക് ഭൂമി എന്നിവയിൽ തീറ്റപ്പുൽ കൃഷി നടത്തുക |

| | | | |
|---|---|---|---|
| 4 | പട്ടിക വർഗ്ഗവികസനം | തിയ്യതി രേഖപ്പെടുത്തിയിട്ടില്ല | എസ് ടി വിദ്യാർഥികൾക്ക് പഠന മുറി |

മൃഗ സംരക്ഷണം, കൃഷി , പൊതു ഭരണം ധനകാര്യം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് , ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത് .

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/26-8-22) മറുപടി ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പട്ടികജാതി വികസനം | അതീവ ഗുരുതരം | കുടിവെള്ളം, |
| | " " | അതീവ ഗുരുതരം | ലഹരി വസ്തുക്കളുടെ ഉപയോഗം |
| Ii | ആരോഗ്യം | ഗുരുതരം | മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള ക്ഷാമം |
| Iii | സാമൂഹ്യ നീതി | ഗുരുതരം | അങ്കണ വാടികളിലെ അടിസ്ഥാന സൗകര്യ കുറവ് |

## 1-5 ക്ഷേമപദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2880 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 7808200 | 535 |
| വിധവാപെൻഷൻ | 31288700 | 1941 |
| വാർദ്ധക്യകാലപെൻഷൻ | 55900200 | 3666 |
| വികലാംഗപെൻഷൻ | 8366700 | 523 |
| വിവാഹധനസഹായം | 210000 | 7 |
| അവിവാഹിതരായ 50 വയസിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 636300 | 41 |

ക്ഷേമ പദ്ധതികളുടെ ചെലവ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

പഞ്ചായത്ത് ഹാജരാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവട ചേർക്കുന്നു.

| പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| തങ്കപ്പൻ നായർ | 101740101247 | കർഷക തൊഴിലാളി പെൻഷൻ | 06.07.21 | സസ്പെൻഡ് | നെടുമങ്ങാട് നഗരസഭ. മരണവിവരം നെടുമങ്ങാട് നഗരസഭയിൽ അറിയിക്കേണ്ടതാണ്. | |

| | | | | | | |
|---|---|---|---|---|---|---|
| സോമൻ നായർ | 102670202093 | വാർദ്ധക്യകാലം | 17.06.21 | സസ്പെൻഡ് | 07/21 മുതൽ 08/21-1600 X 2 = 3200 | 3200 |
| സെൽവി എസ് | 102670601308 | വിധവാ പെൻഷൻ | 23.05.21 | ആക്ടീവ് | 06/21 മുതൽ 06/22 - 1600 X 13= 20800 | 20800 |
| രത്നമ്മ | 102670100007 | കർഷക തൊഴിലാളി പെൻഷൻ | 08.05.21 | ആക്ടീവ് | 06/21 മുതൽ 06/22 - 1600 X 13= 20800 | 20800 |
| ജനാർദ്ദനൻ നായർ | 102670200727 | വാർദ്ധക്യകാലം | 09.04.21 | ആക്ടീവ് | 05/21 മുതൽ 06/22 - 1600 X 14= 22400 | 22400 |
| ദേവകി സി | 102670200539 | വാർദ്ധക്യകാലം | 12.04.21 | ആക്ടീവ് | 05/21 മുതൽ 06/22 - 1600 X 14= 22400 | 22400 |
| സുലൈമാൻ | 102440201420 | വാർദ്ധക്യകാലം | 21.04.21 | സസ്പെൻഡ് | കീഴല്ലൂർ ഗ്രാമപഞ്ചായത്ത്. മരണവിവരം കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ഷെരീഫാ ബീവി | 102670100054 | കർഷക തൊഴിലാളി പെൻഷൻ (ഡയറക്ട് ടു ഹോം) | 17.07.21 | സസ്പെൻഡ് | 08/21 മുതൽ 10/21 - 1600 X 3= 4800 | 4800 |
| ആരിഫാ ബീവി | 102670202288 | വാർദ്ധക്യകാലം | 30.08.21 | ആക്ടീവ് | 09/21 മുതൽ 06/22 - 600 X 10 = 6000 | 6000 |
| വസുമതി സി | 101670402315 | വികലാംഗ പെൻഷൻ | 18.08.21 | സസ്പെൻഡ് | തിരുവനന്തപുരം കോർപ്പറേഷൻ മരണവിവരം തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കേണ്ടതാണ്. | |
| തങ്കയ്യൻ നാടാർ ആർ | 101670254611 | വാർദ്ധക്യകാലം | 02.07.21 | ആക്ടീവ് | തിരുവനന്തപുരം കോർപ്പറേഷൻ. മരണവിവരം തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കേണ്ടതാണ്. | |
| രവീന്ദ്രൻ എം | 102670202970 | വാർദ്ധക്യകാലം | 09.08.21 | സസ്പെൻഡ് | 09/21 ന് 600 | 600 |
| ശ്യാമള | 102670201599 | വാർദ്ധക്യകാലം | 14.09.21 | ആക്ടീവ് | 10/21 മുതൽ 6/22- 1600 X 9= 14400 | 14400 |
| നബീസാബീവി | 102720200830 | വാർദ്ധക്യകാലം | 15.08.21 | ആക്ടീവ് | പോത്തൻകോട് ഗ്രാമപഞ്ചായത്ത്. മരണവിവരം പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. | |
| ബേബി സി | 102670600147 | വിധവാ പെൻഷൻ | 29.08.21 | ആക്ടീവ് | 9/21 മുതൽ 6/22- 1600 X 10= 16000 | 16000 |
| സുഭദ്ര | 102670100491 | കർഷക തൊഴിലാളി പെൻഷൻ | 25.10.21 | ആക്ടീവ് | 11/21 മുതൽ 04/22- 1600 X 6= 9600 | 9600 |
| രാജമ്മ എൽ | 101670601007 | വിധവാ പെൻഷൻ | 15.10.21 | ആക്ടീവ് | തിരുവനന്തപുരം കോർപ്പറേഷൻ. മരണവിവരം തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കേണ്ടതാണ്. | |
| രാധ | 102670200873 | വാർദ്ധക്യകാലം | 22.09.21 | ആക്ടീവ് | 10/21 മുതൽ 6/22- 1600 X 9= 14400 | 14400 |

| | | | | | | |
|---|---|---|---|---|---|---|
| മുഹമ്മദ് ഹനീഫ | 102670201512 | വാർദ്ധക്യകാലം | 12.10.21 | ആക്ടീവ് | 11/21 മുതൽ 6/22- 1600 X 8= 12800 | 12800 |
| | | | | | ആകെ | 168200 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2021-22 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വെമ്പായം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. വെമ്പായം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട, എന്നാൽ മറ്റു തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/26.08.22ന് മറുപടിയായി മരണശേഷവും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുള്ള പെൻഷൻ തുകകൾ അടിയന്തിരമായി നോട്ടീസ് നൽകി തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അനർഹമായി നൽകിയ 1,68,200/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-5-2 സാമൂഹ്യ സുരക്ഷാ പെൻഷൻ - സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2021-22 മരണറിപ്പോർട്ടിലെ പെൻഷൻ ഐ ഡി/ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ചുവടെ പറയുന്ന ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | വിജയകുമാർ കെ | 102720200896 | വാർദ്ധക്യകാലം | 20.06.21 | ആക്ടീവ് (പോത്തൻകോട് ഗ്രാമപഞ്ചായത്ത്) മരണവിവരം പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ അറിയിക്കേണ്ടതാണ്. |
| 2 | ശ്രീധരൻ സി | 102670202764 | വാർദ്ധക്യകാലം | 04.10.21 | ആക്ടീവ് |
| 3 | രവീന്ദ്രൻ നായർ | 102670202309 | വാർദ്ധക്യകാലം | 29.09.21 | ആക്ടീവ് |
| 4 | കുഞ്ഞൻപിള്ള | 102670200903 | വാർദ്ധക്യകാലം | 02.12.21 | ആക്ടീവ് |
| 5 | അബ്ദുൾ അസീസ് | 102670201722 | വാർദ്ധക്യകാലം | 08.12.21 | ആക്ടീവ് |
| 6 | രാധമ്മ ജി | 101670101689 | കർഷക തൊഴിലാളി പെൻഷൻ | 09.03.22 | ആക്ടീവ് (തിരുവനന്തപുരം കോർപ്പറേഷൻ) മരണവിവരം തിരുവനന്തപുരം കോർപ്പറേഷനിൽ അറിയിക്കേണ്ടതാണ്) |

ധനകാര്യവകുപ്പിന്റെ 26.07.2018-ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/26.08.22ന് ലഭ്യമാക്കിയ മറുപടിയിൽ മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ ഡേറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-5-3 പ്രായപരിധി കഴിഞ്ഞയാളിന് തൊഴിൽരഹിത വേതനം നൽകി

കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടം 2 പ്രകാരം 18 നും 35 നും മധ്യേ പ്രായമുള്ള തൊഴിൽ രഹിതരാണ് ഗുണഭോക്താക്കൾ. 2021-22 വർഷത്തെ തൊഴിൽരഹിത വേതനം സംബന്ധിച്ച ഫയൽ, അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പ്രകാരം രണ്ടാം ഗഡു (06/21 മുതൽ 12/21 വരെയുള്ളത്) തുകയായി ആകെ 1680/- രൂപയാണ് 2 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പ്രസ്തുത ബില്ലിൽ ഉൾപ്പെട്ട ചുവടെ പറയുന്ന വ്യക്തിയ്ക്ക് അനർഹമായിട്ടാണ് തൊഴിൽരഹിത വേതനം നൽകിയിട്ടുള്ളത് എന്നു കാണുന്നു.

| ക്രമ നം. | പേര് | രജിസ്ട്രേഷൻ നം. | ജനനതീയതി | അനർഹമായി വിതരണം നടത്തിയ മാസം | തുക |
|---|---|---|---|---|---|
| 1 | ജയശ്രീ.എസ്.എസ് | A 347 | 25.05.1986 | 06/21 മുതൽ 12/21 വരെ | 840 |

ആനുകൂല്യത്തിനുള്ള കാലയളവ് പരിശോധിക്കാതെ അനർഹമായി തൊഴിൽരഹിത വേതനം അനുവദിച്ചതിന് വിശദീകരണം വിശദീകരണം ആവശ്യപ്പെട്ടുക്കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 50/30.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-5-4 ക്ഷേമപദ്ധതി - രജിസ്റ്ററുകളുടെ പരിപാലനം.

1.പഞ്ചായത്തിൽ പരിപാലിക്കുന്ന വിവിധ ക്ഷേമപെൻഷനുകൾക്കുള്ള രജിസ്റ്ററുകൾ പൂർണമല്ല. സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ തീർപ്പുകല്പിച്ചിട്ടുണ്ടോ, സ്വീകരിക്കുന്ന നടപടികളുടെ വിവരം (അംഗീകാരം/നിരസിക്കൽ, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം, അനുവദിച്ച പെൻഷൻ നം.) എന്നിവയടക്കമുള്ള വിവരങ്ങൾ പല രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല.

2.നിശ്ചിത സമയപരിധിക്കുള്ളിൽ പല അപേക്ഷകളിലും തീർപ്പുകല്പിക്കുന്നതായി കാണുന്നില്ല.

3. 1988 ലെ കേരള തൊഴിൽരഹിത വേതന ചട്ടങ്ങൾ ചട്ടം 6 (iii) പ്രകാരം അപേക്ഷകരുടെ വിവരം കാണിക്കുന്ന ഫോറം 4 രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള തൊഴിൽരഹിത വേതന അപേക്ഷ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. 31.01.19 ലെ സ.ഉ.(എം.എസ്) നം. 59/2019/ധന ഉത്തരവ് പ്രകാരം വിധവ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും എല്ലാ വർഷവും ഡിസംബർ മാസത്തിൽ വിവാഹം/പുനർ വിവാഹം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ഉത്തരവ് പ്രകാരം അല്ലാത്തവരുടെ പെൻഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞു വെയ്ക്കുന്നതാണ്. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം പഞ്ചായത്തിൽ മേൽ പെൻഷൻ കൈപ്പറ്റുന്നവർ 2021 ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന വിവരം അറിയിക്കുന്നതിനും മേൽ അപാകതകൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണം നം. 47/29.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷേമപദ്ധതികളിന്മേൽ ആനുകൂല്യം അനുവദിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.08.2022 3.15 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6132/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച അവലോകനം താഴെക്കൊടുക്കുന്നു.

1) 2004ലെ കേരള പഞ്ചായത്ത്‌രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ട പ്രകാരം പ്രസിദ്ധീകരിച്ചതുമായ പൗരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2022 വർഷത്തെ പൗരാവകാശരേഖ പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്ന് ആരാഞ്ഞതിൽ പഞ്ചായത്ത് നോട്ടീസ് ബോർഡ് , പൊതു നോട്ടീസ് ബോർഡ് എൽ എസ് ജി ഡി വെബ്സൈററ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. (എൻക്വയറി നം -21/26-8-22)

2) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/തസ്വഭവ തീയതി 02.07.2009 പ്രകാരം സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ താഴെ പറയും പ്രകാരമാണ് .

എ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ

വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ നൽകുന്ന ഫോറങ്ങൾ പ്രത്യേകം പ്രത്യേകം ഹെഡ്ഡിൽ രേഖപ്പടുത്തുന്നതിനാൽ ഇത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്.

ബി) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ നിലവിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല എന്നും ആയത് സ്ഥാപിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

സി) ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്നുറപ്പ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണെന്നും പ്രത്യേകമായി റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ടെങ്കിൽ ആയതിന്റെ മിനുട്സ് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടതിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല എന്നും ഓരോ മാസവും പ്രസിഡന്റ് , സെക്രട്ടറി , ജീവനക്കാരും ഉൾപ്പെട്ട സ്റ്റാഫ് മീറ്റിംഗ് കൂടി ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാരിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിച്ച് പൊതുജനങ്ങൾക്ക് സമയ ബന്ധിത സേവനങ്ങൾ നൽകുന്നതായും അറിയിച്ചിട്ടുണ്ട്.

ഡി) ടോക്കൺ സംവിധാനം ഏർപ്പടുത്തിയിട്ടുണ്ട്.
ഇ)തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുന്നുണ്ടോ എന്നുള്ളതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ആധാരങ്ങൾക്കും ബോണ്ടുകൾക്കും പ്രത്യേക നമ്പറിട്ട് ഫ്രണ്ട് ഓഫീസിൽ എടുക്കാറില്ല എന്നും അതാത് പ്രോജക്റ്റ് ഫയലുകളുടെ കൂടെ സൂക്ഷിക്കുകയുമാണ് ചെയ്തു വരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

എഫ്) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോ എന്നതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിൽ 2021-22 വർഷം ഫ്രണ്ടാഫീസിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ ഇൻവേർഡ് രജിസ്റ്ററിൽ തന്നെ ഒപ്പിട്ട് വാങ്ങുകയാണെന്നും തപാൽ മാർഗ്ഗം വരുന്ന എല്ലാ തപാലുകളും പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി ഫ്രണ്ടാഫീസിൽ നമ്പരിട്ട് അതാതത് സെക്ഷനുകൾക്ക് നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്
ജി) ഏഴ ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുന്നുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനും അറിയിച്ചതിൽ ഫ്രണ്ടാഫീസിൽ ലഭിക്കുന്ന അപേക്ഷകളിൽ അപേക്ഷകന്റെ ഫോൺ നമ്പർ കൂടി രേഖപ്പെടുത്തി വാങ്ങാറുണ്ടെന്നും റസിഡൻഷ്യൽ ,ഓണർഷിപ്പ് , ബി പി എൽ സർട്ടിഫിക്കറ്റുകൾ ലൈസൻസ് എന്നിവ അതാത് അപേക്ഷകൾക്ക് തന്നെ അപേക്ഷ തരുന്ന ദിവസമോ മൂന്ന് നാല് ദിവസങ്ങൾക്കുള്ളിലോ നേരിട്ട് വന്ന് കൈപ്പറ്റാറുണ്ടെന്നും വരാതിരുന്നാൽ ഫോൺ ചെയ്തറിയിച്ചാൽ ഓഫീസിൽ വന്ന് കൈപ്പറ്റാറുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

എച്ച്) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേയ്ക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നുണ്ടോ ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി ലോക്കൽ ഡെലിവറി ബുക്കിൽ ചേർത്ത് നൽകുന്നതായി അറിയിച്ചിരിക്കുന്നു.

ഐ) 2020 ന ശേഷം കോവിഡ് മഹാമാരി വ്യാപനം മൂലം ഐ എസ് ഒ സർട്ടിഫിക്കേഷൻ പുതുക്കലുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിരുന്നില്ല എന്നും ഗ്രാമപഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷൻ പുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഈ വർഷം തന്നെ ആരംഭിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്

3) പഞ്ചായത്തിൽ നാളിതു വരെയായിട്ടും സ്റ്റാന്റിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വെമ്പായം ഗ്രാമ പഞ്ചായത്ത് വരണാധികാരി 6-2-21 ൽ നൽകിയ LAT1-287 നമ്പർ നോട്ടീസ് പ്രകാരം 15-2-21 ൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന സ്റ്റാന്റിംഗ് കമ്മറ്റികളിലേക്കുള്ള തിരഞ്ഞെടുപ്പ് ബഹു : കേരള ഹൈക്കോടതിയുടെ WP( C ) 3520/2021 (L) നമ്പർ റിട്ട് പെറ്റീഷൻ മേൽ ഇടക്കാല സ്റ്റേ നൽകിയിട്ടുള്ളതിനാൽ അന്നേ ദിവസം തിരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കില്ല എന്നും ആയത് സംബന്ധിച്ച വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് .

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 13760 | 939618 | 953378 | 950728 | 2650 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 54070000 | 54070000 | 54070000 | 0 |
| ആകെ | 13760 | 55009618 | 55023378 | 55020728 | 2650 |

1-8-1 -ജി എസ് ടി, ആദായ നികുതി എന്നിവ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ചുവടെ ചേർക്കുന്ന പ്രവൃത്തിയിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ ഓഡിറ്റ് എൻക്വയറി നം-55/30-8-22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല .

| ക്രമ നം | പ്രവൃത്തി | എം. ബുക്ക് നമ്പർ | കരാറുകാരൻ | കരാറുകാരന് നൽകിയ തുക |
|---|---|---|---|---|
| 1 | വട്ടവിള പുളിമാത്തൂർ റോഡ് | 348/21-22 | വിനോദ് കുമാർ | 392888 |
| 2 | തേക്കട നെട്ടയക്കോട് റോഡ് | 337/21-21 | ഹരീന്ദ്രൻ നായർ | 506825 |
| 3 | കാരം കോട് നെയ്യോട് റോഡ് കോൺക്രീറ്റിംഗ് | 335/21-22 | വിനോദ് കുമാർ | 421487 |
| 4 | ചിറക്കോണം അങ്കണവാടി റോഡ് കോൺക്രീറ്റിംഗ് | 345/21-22 | ഹരീന്ദ്രൻ നായർ | 519834 |
| 5 | മുച്ചന്നൂർ മേലേ നടവഴിറോഡ് കോൺക്രീറ്റിംഗ് | 341/21-22 | സുരേഷ് എസ് | 412579 |
| 6 | പെരുംകൂർ ഊളം കാട് റോഡ് കോൺക്രീറ്റിംഗ് | 340/21-22 | വിനോദ് കുമാർ | 412610 |
| 7 | ശ്രീകൃഷ്ണ നഗർ ഇലങ്കത്തറ മയിലാട്ടും മുഗൾ റോഡ്കോൺക്രീറ്റിംഗ് | 349/21-22 | ഗിരീഷ് . റ്റി | 538653 |
| 8 | കൊഞ്ചിറ പ്ളാങ്കാല ക്ഷേത്രം റോഡ്കോൺക്രീറ്റിംഗ് | 333/21-22 | ഗിരീഷ് . റ്റി | 398300 |
| 9 | ചേമ്പേറ്റ കോണം റോഡ്കോൺക്രീറ്റിംഗ് | 343/21-22 | വിഷ്ണു ജി | 538654 |
| 10 | മുക്കോലക്കൽ മേലാട്ട കോണം റോഡ് കോൺക്രീറ്റിംഗ് | 334/21-22 | ഹരീന്ദ്രൻ നായർ | 473279 |

| | | | | |
|---|---|---|---|---|
| 11 | ചെറു കോണം റോഡ് കോൺക്രീറ്റിംഗ് | 350/21-22 | രഘുനാഥൻ നായർ | 444593 |
| 12 | കാരിക്കുഴി പനയറക്കോണം റോഡ് കോൺക്രീറ്റിംഗ് | 347/21-22 | രഘുനാഥൻ നായർ | 489395 |
| 13 | വെട്ടു പാറ തെങ്ങുവിള റോഡ്കോൺക്രീറ്റിംഗ് | 336/21-22 | സുരേഷ് എസ് | 472603 |
| 14 | തിട്ടയത്തു കോണം അങ്കണ വിള റോഡ്കോൺക്രീറ്റിംഗ് | 331/21-22 | സുരേഷ് എസ് | 475624 |
| 15 | ഓടൽ വള്ളിക്കോണം പാറയിൻ വിളാകം റോഡ്കോൺക്രീറ്റിംഗ് | 338/21-22 | ഷിജു പി രാജ് | 408566 |
| 16 | അങ്കണ വാടി മണ്ണൂർ ക്കോണം റോഡ്ഡ്കോൺക്രീറ്റിംഗ് | 344/21-22 | ഹരീന്ദ്രൻ നായർ | 454867 |
| 17 | കുന്നൂർ പെരുംപാലം റോഡ് കോൺക്രീറ്റിംഗ് | 339/21-22 | സുരേഷ് എസ് | 460008 |

തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-5-22 മുതൽ 15-5-22 | 1-8-21 മുതൽ 31-3-22 | 14/7/22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | സപ്ളിമെന്ററി ഓഡിറ്റ് | 2019-20 | 10/5/22 |

## 1-10 രസീത് പരിശോധന

11.02.2022 വരെയുള്ള രസീതുകൾ 2020-2021ലെ ഓഡിറ്റിൽ പരിശോധിച്ചിരുന്നതാണ്. 20581 -ാം നമ്പർ രസീത് ബുക്കി ലെ 16.02.2022 തീയതി മുതൽ 28.02.2022 തീയതി വരെയുള്ള 1 മുതൽ 25 വരെ രസീത് മാത്രമെ പ്രസ്തുത തീയതിക്കു ശേഷം ഉപയോഗിച്ചിട്ടുള്ളു.

## 1-11 ഫ്രണ്ട് ഓഫീസിൽ വരവ് വന്ന ചെക്കുകൾ ബാങ്കിൽ ക്രെഡിറ്റ് വന്നിട്ടില്ല

ഫ്രണ്ട് ഓഫീസിൽ വരവ് വന്ന താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | തുക | തീയതി |
|---|---|---|
| 1 | 11750/- | 16.09.2021 |
| 2 | 1525/- | 04.02.2022 |
| 3 | 10211/- | 04.02.2022 |
| 4 | 30000/- | 22.02.2022 |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വറിയ്ക്ക് (നം.59 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ഇ ടെണ്ടർ ഫോം വില ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2021-22 സാമ്പത്തിക വർഷം വെമ്പായം ഗ്രാമ പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയതായ ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫീ ആയ 139896/- രൂപ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് തിരികെ ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല .

ആയതിന്റെ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 52/30-8-22 ന് മറുപടി ലഭ്യമാക്കിയില്ല . ഇ ടെണ്ടർ ഫോം വില തിരികെ ലഭിച്ചതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-13 വാടക – അപാകങ്ങൾ

എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളുടെ എണ്ണവും അതിൽ 2021-22 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയിരിക്കുന്നതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.51 തീയതി 30.08.2022 )മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ചില കടമുറികളിൽ വാടക നിശ്ചയിച്ച നിരക്കിൽ നിന്നും കുറവ് തുകയാണ് ഈടാക്കിയതായി കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

സി) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള അയിരൂപാറ, കണക്കോട് ഷോപ്പിംഗ് കോംപ്ലക്സുകളിലെ ആകെ കടമുറികളുടെയും വാടകയ്ക്ക് നൽകിയവയുടെയും എണ്ണവും വാടകയ്ക്ക് നൽകാത്തതുണ്ടെങ്കിൽ ആയതിനുള്ള കാരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51 തീയതി 30.08.2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

ഡി) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം (20.1021 ലെ അജണ്ട 6 തീരുമാനം 1) അയിരൂപാറ ഷോപ്പിംഗ് കോംപ്ലക്സിലെ 1,2,3നമ്പർ കടമുറികൾ 8028/- രൂപയ്ക്ക് സപ്ലൈകോ സൂപ്പർമാർക്കറ്റിന് വാടകയ്ക്ക് നൽകിയതായി കാണുന്നു. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കൊടുത്തിരിക്കുന്ന കടമുറികളിൽ, കടമുറി 2 - ജസീല ഹാഷിം എന്ന വ്യക്തിക്കും, കടമുറി 3 – ജയകുമാർ എന്ന വ്യക്തിക്കുമാണ് വാടകയ്ക്ക് നൽകിയിരിക്കുന്നതായി കാണുന്നത്. കടമുറി 1 വാടകയ്ക്ക് നൽകിയിരിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (51 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇ) വാടക നിശ്ചിത സമയത്ത് അടവാക്കാതെ വർഷാവസാനം ഒരുമിച്ചാണ് അടവാക്കുന്നത്. എന്നാൽ ഭൂരിഭാഗം വാടകക്കാരിൽ നിന്നും പിഴ തുക ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (51 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടകയ്ക്ക് നൽകുന്ന നടപടി ക്രമങ്ങളിലെ അപാകം പരിഹരിച്ച് പിഴ ഈടാക്കേണ്ടതുണ്ടെങ്കിൽ ആയതുൾപ്പെടെ മുഴുവൻ കുടിശ്ശിക തുകയും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13-1 വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന കടമുറികളിൽ നിന്ന് വാടക പൂർണ്ണമായും ഈടാക്കിയതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് 51/30-8-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | കടമുറി | വാടകയ്ക്ക് എടുത്ത വ്യക്തി | മാസവാടക | അടവാക്കാനവശേഷിക്കുന്ന മാസങ്ങൾ |
|---|---|---|---|---|
| 1 | 9 | ആർട്സ് & സ്പോർട്ട്സ് ക്ലബ് സെക്രട്ടറി | 458/- | ജനുവരി 2022- മാർച്ച്2022 |
| 2 | ക്യാന്റീൻ | രമണി | 2500/- | ജനുവരി 2022- മാർച്ച്2022 |
| 3 | 8 | ഉണ്ണി | 1155/- | ഏപ്രിൽ 2021 – മാർച്ച് 2022 |

## 1-13-2 വാടക വർദ്ധനവ് വരുത്തിയിട്ടും പുതുക്കിയ തുക ഈടാക്കിയിട്ടില്ല.

കെ.എസ്.ഇ.ബി ക്ക് വാടകയ്ക്ക് നൽകിയിരിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കണക്കോട് ഷോപ്പിംഗ് കോംപ്ലക്സിലെ 6,7,8 കടമുറികൾക്ക് 05.11.2021ലെ കമ്മിറ്റി തീരുമാനപ്രകാരം വാടക വർദ്ധനവ് വരുത്തിയിട്ടുണ്ട് . 19131/-രൂപയാണ് പുതുക്കിയ പ്രതിമാസ വാടക. എന്നാൽ അതിനു ശേഷവും പഴയ തുകയായ 6038/- രൂപയാണ് വാടക ഇനത്തിൽ ഈടാക്കിക്കൊണ്ടിരിക്കുന്നത്. ജി.എസ്.ടി യും ഈടാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ചിരിക്കുന്ന വിഷയങ്ങൾക്കുള്ള കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (51 തീയതി 30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ നിരക്കിൽ വാടക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-14 ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ ) താഴെ കൊടുത്തിരിക്കുന്ന ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പേര് | സ്ഥാപനം |
|---|---|---|
| 1 | എ മുഹമ്മദ് ജാസിം | ഹോളോബ്രിക്സ് നിർമാണം |
| 2 | ജോർജ്ജ് തോമസ് | ഗൃഹോപരണങ്ങളുടെ വില്പന |
| 3 | പ്രദീപ് കുമാർ | പാറഖനനം നടത്തുന്നതിന് |

ബി) തൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള എസ്.എൻ.വി ക്ലിനിക് എന്ന സ്ഥാപനം ലൈസൻസ് എടുത്തതായി രേഖയില്ല.
പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (നം57/30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14-1 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കല്യാണമണ്ഡപങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നുണ്ട് . കേരള പഞ്ചായത്ത്‌രാജ് ആക്ട്, സെക്ഷൻ 232(1) ൽ " ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്". ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14-2 റേഷൻ കടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ (പട്ടിക 1 ക്രമ നം 149) പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെമ്പായം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട മുഴുവൻ (21 എണ്ണം) റേഷൻ കടകളും 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നേടിയിട്ടില്ല(ഓഡിറ്റ് എൻക്വറിക്ക് (നം.11/24.08.2022) മറുപടി). പഞ്ചായത്തിലെ 21 വാർഡുകളിലായുള്ള

മുഴുവൻ റേഷൻ കടകൾക്കും ലൈസൻസ് നൽകി ഫീസ് ഈടാക്കുവാനും, വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുവാനും, നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14-3 വളർത്ത് നായകൾക്ക് ലൈസൻസ് നൽകിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായകളെ വളർത്താൻ പാടില്ല. 2021-22വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിൽ ആകെ 2415 നായകൾ ഉണ്ടെന്നും അതിൽ ലൈസൻസുള്ള നായകൾ ഒന്നുംതന്നെയില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 വർഷം 6 വളർത്തു നായകൾക്ക് മാത്രം ലൈസൻസ് നൽകിയതായി രേപ്പെടുത്തിയിരിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 57/30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്തു നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-14-4 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും ചിലരുടെ വിശദാംശങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ലഭ്യമല്ല.

| ക്രമ നമ്പർ | പേര് | വാർഡ് |
|---|---|---|
| 1 | ബിജുകുമാർ ആർ | 13 |
| 2 | അൽ അമീൻ ജെ.എസ് | 11 |
| 3 | അരുൺ എസ്. എസ് | 4 |
| 4 | നിസാർ എസ് | 13 |
| 5 | അനിൽകുമാർ വി | 17 |
| 6 | സോഫിയ വാഹിദ് | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം57,30.08.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടതും ഇത്തരത്തിൽ ഉണ്ടാകുന്ന വരുമാന നഷ്ടം ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## 1-15 വസ്തു നികുതി - വിവിധ അപാകങ്ങൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-15-1 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും പിരിച്ചെടുത്തിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നികുതി നിർണയം നടത്തി നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി പിരിച്ചെടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം | ഉപയോഗ ക്രമം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | വാർഷിക നികുതി (രൂപ) | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|---|
| 1 | 4/641 A | അമൽജിത്ത്. എ.പി., വില്ലോ ബേഡ് സ്, | പാർപ്പിടം | 150.4 | 711 | 2014 ഒന്നാം അർദ്ധവർഷം മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| | | റോയൽ ഗ്രൂപ്പ് | | | | |
| 2 | 9/620/ A | ഷാജിത, ഷാജിത മൻസിൽ, തേക്കട | പാർപ്പിടം | 120 | 567 | 2018 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 11/409 / B | റഫീക്, നിഹാൽ മൻസിൽ | പാർപ്പിടം | 137.6 | 1022 | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 4/564 A | ഷാജഹാൻ, ഷാജി മൻസിൽ, ചാത്തൻപാട് | പാർപ്പിടം | 54.95 | 319 | 2020 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 49/30.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് ചെയ്യുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി പിരിച്ചെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15-2 മൊബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്ത വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല

താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 1/152 | റിലയൻസ് ഇൻഫോ കമ്പനി ലിമിറ്റഡ് | 4200 | 16800 (2021 ഒന്നാം അർദ്ധ വർഷം മുതൽ) |
| 2 | 5/10 | റ്റാറ്റ ടെലി സർവീസ് ലിമിറ്റഡ് | 6067 | 24268 (2019 ഒന്നാം അർദ്ധ വർഷം മുതൽ) |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം. 49/30.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെലഫോൺ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക പിരിച്ചെടുത്ത് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15-3 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകത

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. എന്നാൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് സഞ്ചയസോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. 1 മുതൽ 5 വരെയുള്ള വാർഡുകൾ പരിശോധിച്ചതിൽ നിന്നുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/688 A | ലീല.സി.കെ, പന്നിയോട്ട കുളത്തിൻകര, നന്നാട്ടുകാവ് |
| 2 | 2/533 B | ഹരിദാസ് പി/ബിന്ദു സി ആർ, കരുണ, തിട്ടയത്തുകോണം |
| 3 | 3/658 A | അജിത്കുമാർ കെ/സുമ എസ്, കൃഷ്ണഭദ്ര, കാവിൻപുറം |
| 4 | 4/693 A | സന്ധ്യ റാണി.ആർ, വൈകുണ്ഠം, വെങ്കിട്ടയിൽ |

| | | |
|---|---|---|
| 5 | 4/711 A | ശൈലജ.ആർ, വെങ്കട്ടയിൽ വീട്, കൊഞ്ചിറ |
| 6 | 5/524 A | ഷംലാ ബീവി.ആർ, വൈ.എഫ്.മൻസിൽ, കന്യാകുളങ്ങര |
| 7 | 5/590 A | ബരീറാ ബീവി, അറഫാ മൻസിൽ, കുണ്ടൂർ |

ബി) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 6 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/373 | കെ ഗോപി, കാരുകോണത്ത് വീട്, കാരുക്കോണം | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 2 | 2/414 | ശകുന്തള, വെട്ടുവിള വീട്, നന്നാട്ടുകാവ് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 3/443 | ജെ.ബാബുരാജൻ, തടത്തരികത്ത് വീട്, നെട്ടുവേലി | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 3/494 | ബേബി, ചരുവിള വീട്, കാപ്പിത്തോട് | 2013രണ്ടാം അർദ്ധ വർഷം മുതൽ |
| 5 | 3/550 A | സുനിത, സുനിത ഭവൻ, ഉതിരപ്പെട്ടി, | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 6 | 4/635 | ദാമോദരൻ പിള്ള, വെങ്കിട്ടയിൽ വീട്, കൊഞ്ചിറ | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 7 | 6/378 | ജി ഓമന, ജയ ഭവൻ, വലിയവിളാകത്തു വീട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 8 | 6/644 | ചെല്ലപ്പൻ മാധവി, കുപ്പിൽ പുത്തൻ വീട്, ചീരാണിക്കര | 2013ഒന്നാം അർദ്ധ വർഷം മുതൽ |
| 9 | 6/807 | കൊച്ചുചെല്ലമ്മ, തടത്തരികത്ത് വീട്, മാടൻനട | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 10 | 6/889 | കെസിയ.എസ്, സോപാനം, നെട്ടയക്കോട് | 2013ഒന്നാം അർദ്ധ വർഷം മുതൽ |

സി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/551 | സൈനുദീൻ.എ, കാവിൽ വീട്, നന്നാട്ടുകാവ് |
| | 1/551 A | സൈനുദീൻ.എ, കാവിൽ വീട്, നന്നാട്ടുകാവ് |
| 2 | 2/4 A | ചന്ദ്രൻ, മണ്ഡപംകുന്ന് വീട്, നന്നാട്ടുകാവ് |
| | 2/6 | ചന്ദ്രൻ, മണ്ഡപംകുന്നിൽ വീട്,നന്നാട്ടുകാവ് |
| 3 | 8/643 | നസീമാ ബീവി, വടക്കേവാരത്തു വീട്, തേക്കട |
| | 8/643 A | നസീമാ ബീവി,വടക്കേവാരത്തു വീട്,തേക്കട |

| | | |
|---|---|---|
| 4 | 9/398 | കെ തങ്കമ്മ, പാറയംവിളാകത്ത് വീട്, തേക്കട |
| | 9/399 | കെ തങ്കമ്മ,പാറയംവിളാകത്ത് വീട്,തേക്കട |
| 5 | 9/526 | എം എ അബ്ദുൾ റഷീദ്, കൊച്ചുവിള വീട്, തേക്കട |
| | 9/527 | എം എ അബ്ദുൾ റഷീദ്, കൊച്ചുവിള വീട്, തേക്കട |
| 6 | 9/695 | ആർ രാമചന്ദ്രൻ, കുന്നംപുറത്ത് വീട്, തേക്കട |
| | 9/696 | ആർ രാമചന്ദ്രൻ, കുന്നംപുറത്ത് വീട്, തേക്കട |
| 7 | 10/12 | ശശിധരൻ/കൊച്ചു പാർവ്വതി, കുളക്കോട്ടു തെക്കുംകര വീട്, തേക്കട |
| | 10/12 A | ശശിധരൻ കൊച്ചു പാർവ്വതി, കുളക്കോട്ടു തെക്കുംകര വീട്, തേക്കട |
| 8 | 10/26 | കൃഷ്ണേന്ദു/സംഗീത, കീർത്തന ഭവൻ, കുളക്കോട് |
| | 10/26 A | കൃഷ്ണേന്ദു/സംഗീത, കീർത്തന ഭവൻ, കുളക്കോട് |
| 9 | 10/313 | ചെല്ലകുട്ടി, വാറുവിളാകത്തു വീട്, കുണൂർ |
| | 10/313 A | ചെല്ലകുട്ടി, വാറുവിളാകത്തു വീട്, കുണൂർ |
| 10 | 11/59 | ജാനകിയമ്മ, കൊച്ചുപെരുംകുൂർ, പെരുംകുൂർ |
| | 11/60 | ജാനകിയമ്മ, കൊച്ചുപെരുംകുൂർ, പെരുംകുൂർ |
| 11 | 12/364 A | നീതു എസ്.എസ്, നീതു ഭവന് |
| | 12/364 B | നീതു എസ്.എസ്, നീതു ഭവൻ |
| 12 | 12/462 | നിഷ, നിഷാ ഭവൻ, മുച്ചന്നൂർ |
| | 12/462 A | നിഷ, നിഷാ ഭവൻ, മുച്ചന്നൂർ |
| 13 | 13/288 | മഹാലക്ഷ്മി, നന്ദനം |
| | 13/289 A | മഹാലക്ഷ്മി, നന്ദനം |
| 14 | 17/277 | കൃഷ്ണൻകുട്ടി, കുന്നംപുറത്ത് വീട് |
| | 17/278 A | കൃഷ്ണൻകുട്ടി,കുന്നംപുറത്ത് വീട് |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 45/29.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിലെ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15-4 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

1. സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആദ്യ 3 വാർഡ് പരിശോധിച്ചതിൽ 2021-22 വർഷത്തെ നികുതി ഇളവിന് അപേക്ഷ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം |
|---|---|---|
| 1 | 1/24 | ശ്രീകുമാർ, കെ ജി ഭവൻ, നന്നാട്ടുകാവ് |
| 2 | 1/103 | ഷാജഹാൻ, ഖമർവില്ല, കൊട്ടാരംവിള |
| 3 | 1/313 | എം.ഗിരിജ, വി ജി ഹൗസ്, പള്ളിനട |
| 4 | 1/360 | വിജയദാസ്, ദാസ് ഭവൻ, കാര്യക്കോണം |
| 5 | 1/363 | സിന്ധു കുമാരി.എസ്, ബിപിൻ ഹൗസ്, |
| 6 | 1/644 | കെ.ദേവകി അമ്മ, കുന്നത്തു ഇടയില വീട്, നന്നാട്ടുകാവ് |
| 7 | 2/74 | ചന്ദ്രൻ, മാധവം, ചാത്തൻപാട് |
| 8 | 2/128 A | നജുമുദ്ദീൻ/സജീന, സന ബിൽഡിംഗ്, നന്നാട്ടുകാവ് |
| 9 | 2/203 | ജലജകുമാരി അമ്മ എസ്, ആമ്പാടി, വഴയ്ക്കാട് |
| 10 | 2/288 A | അശോക് കുമാർ, പഴയനെട്ടയത്തു വീട്, നന്നാട്ടുകാവ് |
| 11 | 2/304 | ബിജുകുമാർ ആർ എസ്, കല്യാണി, പുളിമാത്തുർ |
| 12 | 2/525 | കെ പി ശശിധരൻ, പാറയിൽ പുത്തൻവീട് |
| 13 | 2/534 | സുനിൽ കുമാർ, നഭസ്, തിട്ടയത്തുകോണം |
| 14 | 3/16 | ആശ/രാമചന്ദ്രൻനായർ, കൃഷ്ണകൃപ,വഴയ്ക്കാട് |
| 15 | 3/26 A | എസ്സ് വിജയകുമാർ, അഭയം, വഴയ്ക്കാട് |
| 16 | 3/120 | ശ്രീജകുമാരി ജി എസ്, മിഥുനം, നന്നാട്ടുകാവ് |
| 17 | 3/197 | ബിനുമോൻ.റ്റി, അനുഗ്രഹ, ചാത്തൻപാട് |
| 18 | 3/198 | എസ് തങ്കപ്പൻ പിള്ള, ലളിതാ ഭവൻ |
| 19 | 3/263 | ഉമേഷ്, ചക്കര വീട്, കൊഞ്ചിറ |
| 20 | 3/634 A | സുഗുണസേനൻ നായർ, ചെറുകോണത്തു വീട് |
| 21 | 3/642 | പ്രശാന്ത്. ജി. ആർ, പുത്തൻ വിള വീട് |
| 22 | 3/666 | കെ മോഹനൻ, മോഹനവിലാസം |

2. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ അനുവദിച്ചിരുന്ന ഇളവ് കാലാവധി അവസാനിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി കാലാവധി കഴിഞ്ഞും ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം ഇളവ് അവസാനിച്ചത് |
|---|---|---|---|
| 1 | 3/449 | രമ, പള്ളിവിള വീട്, നെടുവേലി | 2014 രണ്ടാം അർദ്ധവർഷം വരെ |
| 2 | 13/407 | അലക്സ് ജെ വി, ജോസ് ഭവൻ | 2013 രണ്ടാം അർദ്ധവർഷം വരെ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.39/29.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും അതിന്റെ അടിസ്ഥാനത്തിൽ മാത്രം ഇളവ് അനുവദിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15-5 ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയ്ക്ക് നികുതി ഇളവ് നൽകിയതിൽ അപാകത

കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 207(1) പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 6/707 | രത്നാഭായി, തടത്തരികത്ത്, നെട്ടയക്കോട് |
| | 6/708 | രത്നാഭായി, തടത്തരികത്ത്, നെട്ടയക്കോട് |

മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.39/29.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനർഹമായി നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15-6 കെട്ടിട നിർമ്മാണ പെർമിറ്റ് സംബന്ധിച്ച അപാകതകൾ

2021-22 വർഷത്തെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പെർമിറ്റ് രജിസ്റ്റർ പൂർണമല്ല.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുമ്പോഴോ പെർമിറ്റ് പുതുക്കുമ്പോഴോ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടോയെന്നും പെർമിറ്റ് കാലാവധി പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല.

2. അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം പെർമിറ്റിനായി ലഭിച്ച ഏതാനും അപേക്ഷകൾ ലഭിച്ച വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പെർമിറ്റ് അനുവദിച്ചതായോ നിരസിച്ചതായോ ചേർത്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് |
|---|---|
| 4859/21/14.07.21 | ഉമാമോൾ.വി, ഇന്ദീവരം |
| 5705/21/23.07.21 | അബ്ദുൾ വഹീദ്, എ.എൽ.മൻസിൽ |
| 5182/21/27.07.21 | അജിത് കുമാർ, സുമ, കട്ടവാക്കുഴി |
| 5190/21//28.07.21 | അനിൽകുമാർ.ടി.കെ, കട്ടവാക്കുഴി പുത്തൻവീട് |
| 5271/21/02.08.21 | പുഷ്പകുമാരി.ജെ, അമ്പാടി |

കെ.പി.ബി.ആർ ലെ സമയക്രമം കൃത്യമായി പാലിച്ച് പെർമിറ്റ് നൽകുകയോ നിരസിക്കുകയോ ചെയ്യാതിരുന്നത് വിശദീകരിക്കേണ്ടതാണ്.

3. പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011) ചട്ടം 15 പ്രകാരം നിർമ്മാണം നടത്തുന്നതിനുള്ള അനുവാദം സെക്രട്ടറി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ട കാലയളവ് 30 ദിവസമാണ്. എന്നാൽ മേൽ ചട്ടം അനുശാസിക്കും പ്രകാരം ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിൽ സമയക്രമം പാലിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷ ലഭിച്ച തീയതി | അപേക്ഷകന്റെ പേര് | ബിൽഡിംഗ് പെർമിറ്റ് തീയതി |
|---|---|---|
| 3493/21/17.04.21 | ശാന്ത, ശാന്ത ഭവൻ | 25.08.21 |
| 3528/21/19.04.21 | ബൈജു, ബൈജു കോട്ടേജ് | 08.11.21 |

| | | |
|---|---|---|
| 3740/21/27.04.21 | നജ്മുദ്ദീൻ.എം, മൻസിൽ വില്ല | 01.02.22 |
| 3744/21//28.04.21 | ഉദയൻ.എൻ, ശിവപ്രഭ | 02.08.22 |
| 4109/21/16.06.21 | സതീഷ് കുമാർ, സരിത ഭവൻ | 15.12.21 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 60/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പെർമിറ്റ് നൽകുന്നതിൽ കൃത്യമായ സമയക്രമം പാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15-7 കെട്ടിട നിർമ്മാണ പെർമിറ്റ് നൽകലും വസ്തുനികുതി നിർണ്ണയവും - ഫയൽ സൂക്ഷിപ്പിലെ അപാകങ്ങൾ

1. വ്യത്യസ്ത ഫയലുകൾ സൂക്ഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.12.2015 ലെ 12900/ആർ/2015/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമ്മിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും ഒറ്റ ഫയലായി കൈകാര്യം ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വ്യത്യസ്ത ഫയലുകളായാണ് പെർമിറ്റ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതും നികുതി നിർണ്ണയം നടത്തിയിട്ടുള്ളതും.

2. മേഖലാടിസ്ഥാനത്തിലുള്ള മാപ്പ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടോയെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

3. നികുതി നിർണയത്തിന്റെ രേഖകൾ സൂക്ഷിക്കുന്നില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1),(2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയ റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം ഫാറം നമ്പർ 2-ൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയലുകളിൽ കെട്ടിട ഉടമ സമർപ്പിക്കേണ്ട ഫാറം നമ്പർ 2 റിട്ടേൺ സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സൂക്ഷ്മപരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 62/30.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, നമ്പറിംഗ്, നികുതി നിർണ്ണയിക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങളും കൂടി ഒറ്റ ഫയലിൽ കൈകാര്യം ചെയ്യേണ്ടതും നികുതി നിർണയം സംബന്ധിച്ച രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ നികുതി നിർണയത്തിനുള്ള മേഖല അടിസ്ഥാനത്തിലുള്ള മാപ്പ് ഇതുവരെ തയ്യാറാക്കിയിട്ടില്ലെങ്കിൽ എത്രയും വേഗം തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15-8 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു

2021-22 വർഷം സാംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No. | Ward No. | Door No. | Sub No. | Owner Details | Receipt ID | Receipt No. | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 15 | 342 | | ചന്ദ്രശേഖരൻ പിള്ള, ജെ ജെ നിവാസ്, കുറ്റിയാണി | 1004293 | 121010100318 | 23/10/2021 | 2021 | 147 |
| 2 | 12 | 601 | E | സുമേഷ് നായർ, റിയാൻ വില്ല, | 1005891 | 121010101715 | 10/12/2021 | 2021 | 314 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ചിറയിൽകോണം | | | | | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 36/27.08.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ മേൽ അപാകത പരിഹരിക്കേണ്ടതും ഇതു മൂലം വസ്തു നികുതി വരവിൽ കുറവ് സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 തൊഴിൽ നികുതി - വിവിധ അപാകതകൾ

1. തൊഴിൽ നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല.

പല സ്ഥാപനങ്ങളുടേയും തൊഴിൽ നികുതി ഈടാക്കിയതു സംബന്ധിച്ച വിവരം രജിസ്റ്ററിൽ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല. ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും ഇല്ലായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതുമാണ്.

| ക്രമ നം. | സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മിഷൻ ഹോസ്പിറ്റൽ, പോത്തൻകോട് | രണ്ടാം അർദ്ധവർഷം |
| 2 | പോസ്റ്റ് ഓഫീസ്, പന്തലക്കോട് | ഒന്നാം അർദ്ധവർഷം |
| 3 | ഡി.ജെ.വെൻജേഴ്സ് | ഒന്നാം അർദ്ധവർഷം |
| 4 | ജമാത് സ്കൂൾ, കണിയാപുരം | ഒന്നാം അർദ്ധവർഷം |
| 5 | ക്രെസന്റ് ഓഡിറ്റോറിയം | രണ്ടാം അർദ്ധവർഷം |
| 6 | കാത്തലിക് സിറിയൻ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2. സമയപരിധിക്കുള്ളിൽ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും പിഴ പലിശ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | കാലയളവ് | തൊഴിൽ നികുതി തുക | തൊഴിൽ നികുതി ഒടുക്കിയ തീയതി |
|---|---|---|---|---|
| 1 | എസ്.എൻ.എ ക്ലിനിക്, പോത്തൻകോട് | രണ്ടാം അർദ്ധവർഷം | 2450 | 22.07.22 |

3. സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | ക്രെസന്റ് ഓഡിറ്റോറിയം |
| 2 | എസ്.എൻ.എ ക്ലിനിക്, പോത്തൻകോട് |
| 3 | മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്, കന്യാകുളങ്ങര |
| 4 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് |
| 6 | മ്യൂസിയം ഓഫ് ദ വേർഡ് |
| 7 | ഡി.ജെ.വെൻജേഴ്സ് |
| 8 | അൽഫലാഹ് മെറ്റൽ ക്രഷർ |

4. നിശ്ചിത ഫോർമാറ്റിൽ തൊഴിൽ നികുതി പത്രിക സമർപ്പിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 14,16 പ്രകാരം ഫാറം നമ്പർ II മാതൃകയിൽ വേണം സ്ഥാപനങ്ങൾ തൊഴിൽ നികുതി പത്രികകൾ സമർപ്പിക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ ആകെ അർദ്ധ വാർഷിക വരുമാനം മാത്രമാണ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് വ്യക്തമല്ല.

| ക്രമ നം. | സ്ഥാപനം |
|---|---|

| | |
|---|---|
| 1 | മുത്തൂറ്റ് മൈക്രോഫിൻ ലിമിറ്റഡ് |
| 2 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് |

5. പഞ്ചായത്തിന്റെ 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 205പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി 2021-22 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കൊഞ്ചിറ | 13 |
| 2 | നെടുമങ്ങാട് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്, വെമ്പായം | 3 |
| 3 | കോൺവെന്റ് സ്റ്റോൺസ് പ്രൈവറ്റ് ലിമിറ്റഡ് | 9 |
| 4 | വൈ.എം.സി.എ.റൂറൽ ഡവലപ്പ്മെന്റ് സെന്റർ | 5 |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 56/30.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2021-22 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്തതിൽ അറുപത് ദിവസത്തിൽ കൂടുതൽ കാലയളവിൽ ജോലി ചെയ്ത ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പേര്, വിലാസം |
|---|---|
| 1 | ആർ.സുരേഷ് കുമാർ, പാറയം വീട്, വെമ്പായം |
| 2 | എസ്.ജഗന്നാഥ പിള്ള, ജെ.പി. ഭവൻ |
| 3 | സജിൻ.ആർ, സജിനാ മൻസിൽ |
| 4 | ബി.മോഹൻ, തിരുവാതിര |
| 5 | അനിൽ കുമാർ.ആർ, പാറയം വീട് |
| 6 | ജയകുമാർ.എൻ, ശ്രീലക്ഷ്മി |
| 7 | രഘുനാഥൻ നായർ. ആർ, പി.വി.ഹൗസ് |
| 8 | സുനിൽ.ആർ.എസ്, രവിവിലാസം |
| 9 | അനി,സി.ബി, എം.സി.ബി സദനം |
| 10 | ഷിജു.എസ് (അമ്പാടി കോൺട്രാക്റ്റ്), റോഡരികത്ത് വീട് |
| 11 | ഷിബു.എസ്.വി, ആദിത്യ ഭവൻ |
| 12 | നിസറുദ്ദീൻ.എം, വരം, ഗാന്ധിനഗർ |

| | |
|---|---|
| 13 | ബി.സുരേഷ്, അഞ്ജനം |
| 14 | ഫൈസൽ ചിറയിൽ (ചിറയിൽ കൺസ്ട്രക്ഷൻസ്), ഫിർദ്ദൂസ് |
| 15 | വിജയൻ.എ, ചിറതലയ്ക്കൽ വീട് |
| 16 | പി.ശശിധരൻ പിള്ള, നെടുംതോട് പുത്തൻ വീട് |
| 17 | ശരത് രാജ്.ആർ.ബി, ശരണ്യ നിവാസ് |
| 18 | സച്ചിൻ.എസ്.ബാബു, ശ്രീലകം |
| 19 | എസ്.അരുൺ, അരുൺ ഭവൻ |
| 20 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 21 | രഞ്ജിത്ത്.ആർ, ആർ.പി.ഹൗസ് |
| 22 | പ്രസാദ്.ബി, ആയില്യം ഭവൻ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 1/24.08.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാർ മാണിക്കൽ പഞ്ചായത്ത്, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവിടങ്ങളിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെന്നും രസീതിന്റെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-18 വി.ഇ.ഒ യുടെ അക്കൗണ്ടിൽ അവശേഷിച്ച 993300/- രൂപ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിലേയ്ക്ക് മാറ്റി

പഞ്ചായത്ത് കമ്മിറ്റിയുടെ 18.02.21 ലെ അജണ്ട 2(7) തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ പ്രസിഡന്റിന്റെയും വി ഇ ഒ യുടെയും പേരിൽ വെമ്പായം സർവ്വീസ് സഹകരണ ബാങ്കിൽ ഇ.എം.എസ് അക്കൗണ്ടിൽ (അക്കൌണ്ട് നം. 452) ബാക്കി തുകയായി 993300/- രൂപ നിൽക്കുന്നതിനാൽ നിലവിൽ ഇ.എം.എസ് ഭവന പദ്ധതി പൂർത്തീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള ഭവന പദ്ധതിയായ ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് അവസാന ഗഡു നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന് തുക ആവശ്യമുള്ളതിനാൽ പ്രസ്തുത അക്കൌണ്ട് ക്ലോസ് ചെയ്ത് വെമ്പായം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിന് നടപടി സ്വീകരിക്കാൻ സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ തുക സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യിലുള്ള 36959437433 നം. അക്കൗണ്ടിലേയ്ക്ക് 17.03.21 ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

എന്നാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ബി.ഡി.ഒ മാർക്ക് നൽകിയ 12.04.2019ലെ നം.എ5/574 /19/പി.എ.യു കത്ത് പ്രകാരം വിഇഒമാരുടെ പേരിൽ ഇഎംഎസ് ഭവനപദ്ധതിയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകകൾ ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് വിരുദ്ധമായി ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിലെ തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് തുക മാറ്റിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.06/23.08.22 ന് ലഭിച്ച മറുപടി പ്രകാരം നിലവിലുള്ള ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് വിഹിതം നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് 12.11.2014 ലെ സ.ഉ(സാധാ) നം.2957/14/തസ്വഭവ യുടെയും കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ തുക വകമാറ്റി ചെലവഴിച്ചതെന്ന് അറിയിച്ചിരിക്കുന്നു. 12.11.14 ലെ ഉത്തരവിൽ ഇ.എം.എസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പുതിയ ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാവുന്നതാണ് എന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് പാലിക്കാതെ തുക അക്കൗണ്ടിൽ തന്നെ വർഷങ്ങളോളം നിഷ്ക്രിയമായി സൂക്ഷിച്ചത് ശരിയായ നടപടിയല്ല. കൂടാതെ അതിനു ശേഷം 12.04.19 ൽ സർക്കാരിലേയ്ക്ക് ഒടുക്കുന്നതിന് നിർദ്ദേശം ലഭിച്ചതിനു ശേഷമാണ് തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മാറ്റി ചെലവഴിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കാവുന്നതല്ല. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി 993300/- രൂപ തനത് ഫണ്ടിലേയ്ക്ക് മാറ്റിയതിന് വിശദീകരണം നൽകേണ്ടതും തുക ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ തിരിച്ചടയ്ക്കുകയോ/ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-19 കാർഷിക മേഖല – സ്പിൽ ഓവർ പ്രോജക്ടുകളിലെ അപാകതകൾ

കാർഷിക മേഖല-കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ സ്പിൽ ഓവർ പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-19-1 സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി - മോണിറ്ററിംഗ് കാര്യക്ഷമമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം-ബയോഫ്ലോക്ക് മത്സ്യകൃഷി |
| പദ്ധതി നമ്പർ | 194/22 |
| പദ്ധതി അടങ്കൽ | 28932 (വികസന ഫണ്ട് പൊതുവിഭാഗം)<br>36800 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>165600 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 28932 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ നം./തീയതി | 7/28.06.21 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ 2020-21 ലെ പ്രോജക്ട് നം. 264/21 ന്റെ രൂപീകരണ ഫോറം ക്രമ നം. 44 പ്രകാരം മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

എ) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും മുൻപുള്ള പരിശോധന

ബി) 3-ാംമാസത്തിലെ പരിശോധന

സി) 5-ാംമാസത്തിലെ പരിശോധന

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഒന്നാം ഘട്ട പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിൽ ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ സാക്ഷ്യപ്പെടുത്തലുകളും ഇല്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/26.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിൽ യഥാസമയം മോണിറ്ററിംഗ് നടത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

### 1-19-2 സുഭിക്ഷകേരളം-പടുതക്കുളം മത്സ്യകൃഷി - അനർഹമായി നൽകിയ 25276 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം-പടുതക്കുളം മത്സ്യകൃഷി |
| പദ്ധതി നമ്പർ | 195/22 |
| പദ്ധതി അടങ്കൽ | 25276 (വികസന ഫണ്ട് പൊതുവിഭാഗം)<br>55200 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>49200 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>188280 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 25276 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ | 8/28.06.21 |

| | |
|---|---|
| നം./തീയതി | |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

I. മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ 2020-21 ലെ പ്രോജക്ട് നം. 264/21 ന്റെ രൂപീകരണ ഫോറം ക്രമ നം. 44 പ്രകാരം മോണിറ്ററിംഗിന് വിധേയമാക്കേണ്ട ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

എ) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കും മുൻപുള്ള പരിശോധന

ബി) 3-ാംമാസത്തിലെ പരിശോധന

സി) 5-ാംമാസത്തിലെ പരിശോധന

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഒന്നാം ഘട്ട പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിൽ ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. കൂടാതെ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ സാക്ഷ്യപ്പെടുത്തലുകളും ഇല്ല.

II. വീട്ടുവളപ്പിൽ മത്സ്യകൃഷി ചെയ്യുന്നതിനുള്ള വിവിധ ചെലവുകൾക്കായി 25276/- രൂപ ധനസഹായം ലഭിച്ച ശ്രീമതി ആശ.എസ്.പി/രാമചന്ദ്രൻ നായർ, കൃഷ്ണകൃപ, വഴയ്ക്കാട് എന്നിവർ മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/26.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാസമയം മോണിറ്ററിംഗ് നടത്താത്തതിനും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ വ്യക്തിയ്ക്ക് ധനസഹായം അനുവദിച്ചതിനുമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അനർഹമായി അനുവദിച്ച 25276/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19-3 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ധനസഹായം നൽകി - 9320/- രൂപ തടസ്സപെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം- മത്സ്യകൃഷി |
| പദ്ധതി നമ്പർ | 193/22 |
| പദ്ധതി അടങ്കൽ | 27840 (വികസന ഫണ്ട് പൊതുവിഭാഗം)<br>65600 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>159840 (മറ്റുള്ളവ) |
| പദ്ധതി ചെലവ് | 27840 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ നം./തീയതി | 9/28.06.21 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

I. മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി മത്സ്യകൃഷി ചെയ്യുന്നതിന് 9320/- രൂപ ധനസഹായം ലഭിച്ച ശ്രീ.പ്രഭാകരൻ നായർ.ആർ, തോട്ടിൻകര വീട്, കള്ളിക്കാട് എന്നയാൾ മേൽ പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ അനുവദിച്ച തുകയിൽ 720/- രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് മറ്റ് ഉപകരണങ്ങൾ വാങ്ങിയ വകയിലുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട ചെലവ് വൗച്ചർ ഇല്ല.

II. അപേക്ഷയോടൊപ്പമുള്ള ഫീൽഡ് തല പരിശോധനാ റിപ്പോർട്ടിൽ ഗുണഭോക്താവിന്റെ അർഹത സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. കൂടാതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലുകളും ഇല്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/26.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിയ്ക്ക് ധനസഹായമായി അനുവദിച്ച 9320/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19-4 അഫിലിയേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | സുഭിക്ഷകേരളം- തരിശ് നിലങ്ങളിലെ കൃഷി (ഗ്രൂപ്പ് അടിസ്ഥാനത്തിൽ) |
| പദ്ധതി നമ്പർ | 191/22 |
| പദ്ധതി അടങ്കൽ | 34940 (വികസന ഫണ്ട് പൊതുവിഭാഗം) |
| പദ്ധതി ചെലവ് | 34940 (വികസന ഫണ്ട് പൊതുവിഭാഗം) |
| ട്രഷറി ബിൽ നം./തീയതി | 3/28.06.21 |
| നിർവഹണ ഉദ്യോഗസ്ഥ | കൃഷി ഓഫീസർ |

മേൽ സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായി 3 JLG കുടുംബശ്രീ യൂണിറ്റുകൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. എന്നാൽ ചുവടെ ചേർക്കുന്നവയുടെ JLG അഫിലിയേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല.

| ക്രമ നം. | JLG കുടുംബശ്രീ യൂണിറ്റിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | സമൃദ്ധി JLG | 16516 |
| 2 | ഹരിതം കുറ്റ്യാണി | 8640 |

JLG Affiliation Certificate ഹാജരാക്കാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയതിനുള്ള കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.23/26.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗ്രൂപ്പുകൾക്കുള്ള 2021-22 വർഷത്തെ JLG അഫിലിയേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 തുല്യത തുടർ വിദ്യാഭ്യാസം പ്രോജക്ട് - 79100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് | തുല്യത തുടർ വിദ്യാഭ്യാസം |
| പദ്ധതി നമ്പർ | 75/22 |
| പദ്ധതി അടങ്കൽ | 200000 (തനത് ഫണ്ട്) |
| പദ്ധതി ചെലവ് | 199700 (തനത് ഫണ്ട്) |
| ചെക്ക് നം./തീയതി | XY-5996186/26.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

മേൽ പ്രോജക്ടിന്റെ ഭാഗമായി പത്താംതരം തുല്യതാ പഠനത്തിന് 1850/- രൂപ വീതം 36 പേർക്ക് 66600/- രൂപയും പ്ലസ് വൺ തുല്യതാ പഠനത്തിന് 2500/- രൂപ വീതം 23 പേർക്ക് 57500/- രൂപയും പ്ലസ് ടു തുല്യതാ പഠനത്തിന് 2200/- രൂപ വീതം 18 പേർക്ക് 39600/- രൂപയും ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സിന് 2000/- രൂപ വീതം 18 പേർക്ക് 36000/- രൂപയും ചേർത്ത് ആകെ 199700/- രൂപ രജിസ്ട്രേഷൻ ചെയ്യുന്നതിനായി സാക്ഷരത മിഷന് കൈമാറി. എന്നാൽ എല്ലാ പഠിതാക്കളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോഴ്സ് | പഠിതാക്കളുടെ എണ്ണം | | | രേഖകൾ ഹാജരാക്കാത്തവർക്കായി ചെലവഴിച്ച തുക |
|---|---|---|---|---|---|
| | | തുക അനുവദിച്ചത് | രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയത് | രേഖകൾ ഹാജരാക്കാത്തത് | |
| 1 | പത്താംതരം തുല്യതാ കോഴ്സ് | 36 | 22 | 14 | 25900 (1850*14) |
| 2 | പ്ലസ് വൺ തുല്യതാ പഠനം | 23 | 17 | 6 | 15000 (2500*6) |
| 3 | പ്ലസ് ടു തുല്യതാ പഠനം | 18 | 17 | 1 | 2200 |
| 4 | ഗുഡ് ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ് | 18 | - | 18 | 36000 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 79100 |

പഠനത്തിനായി തുക അനുവദിച്ചതും എന്നാൽ രജിസ്ട്രേഷൻ നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാത്തതുമായ പട്ടിക പ്രകാരമുള്ള പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുക്കൊണ്ട നൽകിയ ഓഡിറ്റ് അന്വേഷണം നം. 28/27.08.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 79100/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകങ്ങൾ

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി 2021 – 22ൽ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| 9/22 | അരികെ-ക്രോണിക് ഡിസീസ് മാനേജ്മെന്റ് സെന്റർ | 800000/- വികസന ഫണ്ട് (തനത് ഫണ്ട്) | 800000/- | Nbhvhg/11.08.21- |
| 129/22 | ജെറിയാട്രിക് ഒ.പി(വയോജനങ്ങൾക്ക് ചികിത്സ) | 250000/-വികസന ഫണ്ട് | 250000/- | 93/11.08.21 |
| 11/22 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 600000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 600000/- | 94/11.08.21 |

## 1-21-1 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട മാതൃകയിലുള്ളതല്ല

ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ട നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ആവശ്യമായ വിശദാംശങ്ങൾ (ലഭ്യമല്ലാത്ത മരുന്നുകളുടെ വിശദാംശങ്ങൾ) ഉൾപെട്ടിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് ആധാരമായ ഇന്റന്റ് ലഭ്യമാക്കിയിട്ടില്ല. 16.06.2021 ൽ ലഭ്യമാക്കിയ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൽ ' വേറ്റിനാട് ഗവ. ആയുർവേദ ഡിസ്പൻസറിയിൽ പ്രസ്തുത പദ്ധതിക്ക് ഫണ്ട് അപര്യാപ്തമായതിനാൽ പ്രൊജക്ടിൽ ഉൾപ്പെടുത്തി അടങ്കൽ തുക അനുവദിക്കാവുന്നതാണ്' എന്ന വിവരമാണ് ഉൾപെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.44 തീയതി 29.08.2022) മറുപടിയായി അടങ്കൽ തുകയ്ക്ക് തുല്യമായ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് മാത്രമേ ഡിപ്പാർട്ട്മെന്റിൽ നിന്നും നാളിതുവരെ വാങ്ങിയിരുന്നുള്ളു എന്നും മരുന്നുകളുടെ വിശദാംശങ്ങൾ ഉൾപ്പെട്ട ഇന്റന്റ് നൽകണമെന്ന വിവരം അറിയില്ലായിരുന്നു എന്നും ഇനി മുതൽ നിർദ്ദേശിക്കപ്പെട്ട രീതിയിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 1-21-2 മരുന്നുകൾ ലഭ്യമാക്കുന്നതിന് കാലതാമസം

ഔഷധിയുമായുള്ള 17.08.2021ലെ കരാർ പ്രകാരം 60 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കണം. എന്നാൽ മരുന്നുകൾ പൂർണമായും ലഭ്യമായത് 14.06.22 ൽ മാത്രമാണ്. കാല താമസം വന്നത് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.44 തീയതി 29.08.2022). മറുപടിയായി പഞ്ചായത്തിന്റെ പദ്ധതികളും ഡിപ്പാർട്ട്മെന്റിന്റെ മരുന്ന് വിതരണവും ഉൾപ്പെടെ ഏകദേശം 17ലക്ഷം രൂപയുടെ മരുന്നുകൾ ഒരു സാമ്പത്തിക വർഷം മേൽ സ്ഥാപനത്തിൽ ഔഷധി മുഖേന വിതരണം ചെയ്യുന്നുണ്ടെന്നും ഇത്രയും മരുന്നുകൾ ഒന്നിച്ച് ലഭ്യമായാൽ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം സൗകര്യം സ്ഥാപനത്തിലില്ലായെന്നും വലിയ സ്റ്റോർ റൂം നിർമിച്ച് നൽകണമെന്ന് പഞ്ചായത്തിനോടും ഡിപ്പാർട്ട്മെന്റിനോടും ആവശ്യപ്പെട്ടിട്ടുള്ളതായും അങ്ങിനെ ലഭിക്കുന്ന പക്ഷം കൃത്യമായി തന്നെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അത്യന്താപേക്ഷിതമാണ്.

## 1-22 ഹോമിയോ ആശുപത്രിക്ക മരുന്ന് വാങ്ങൽ - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം | 64/22 |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ബിൽ നം /ഫണ്ടിനം | 179/8-11-21 |

പദ്ധതി പ്രകാരമുള്ള മരുന്ന് വാങ്ങലിനായി നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയത് 22.11.2021 ലാണ്. എന്നാൽ അതിനും മുൻപ് തന്നെ (06.10.2021) ഹോംകോയിൽ നിന്നും പ്രൊഫോമ ഇൻവോയിസ് ലഭ്യമാക്കുകയുണ്ടായി ആയതിന്റെ സാഹചര്യം വ്യക്തമാക്കണം എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.12 തീയതി 24.08.2022) മറുപടിയായി നടപടിക്രമങ്ങളിലെ അപാകത മൂലം സംഭവിച്ചതാണ് എന്നറിയിച്ചിരിക്കുന്നത് .

പ്രൊഫോമ ഇൻവോയിസ് 06.10.2021ൽ ലഭ്യമാക്കിയിരിക്കുന്നതിനാധാരമായ ഇന്റന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിക്ക്നം.12 തീയതി 24.08.2022) മറുപടിയായി പ്രൊഫോമ ഇൻവോയിസ് ലഭ്യമാക്കാൻ ഹോംകോയ്ക്ക് ഇന്റന്റ് അയക്കേണ്ടതില്ല എന്നാണറിയിച്ചിരിക്കുന്നത്.

നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും 22.11.2021 ൽ ലഭ്യമായിട്ടും ഹോംകോയ്ക്ക് ഇന്റന്റ് നൽകിയിരിക്കുന്നത് 20.05.2022 ൽ മാത്രമാണ്. ഈ കാലതാമസത്തിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി സ്റ്റാഫിന്റെ അഭാവം കാരണവും രോഗികളുടെ ആധിക്യം കാരണവുമാണ് സമയബന്ധിതമായി ഇന്റന്റ് നൽകാൻ കഴിയാതിരുന്നത് എന്നറിയിച്ചിരിക്കുന്നു. ആവശ്യത്തിനു മരുന്നുകൾ സ്റ്റോക്കില്ലായെങ്കിൽ അതു വഴി രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പദ്ധതി തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

| പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| 227/22 | പി.എച്ച്.സി യിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ. | 100000/- വികസന ഫണ്ട് (തനത് ഫണ്ട്) | 78817/- | 93/05.08.21 |

മെഡിക്കൽ ഓഫീസർ , പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥയായ പ്രസ്തുത പദ്ധതിയിൽ ചെലവ് തുകയായ 78817/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് പി.എച്ച്.സി അക്കൗണ്ടിൽ ഒരു വർഷമായി വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ചെലവു രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.35 തീയതി 29.08.2022) പ്രസ്തുത പദ്ധതിക്കായുള്ള തുക കെൽട്രോണിന് നാളിതു വരെ കൈമാറാൻ സാധിച്ചില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കെൽട്രോണിന്റെ IFSC കോഡ് ലഭ്യമാക്കാതെയാണ് തുക കൈമാറാൻ ശ്രമിച്ചത്. നാളിതു വരെ വിഷയം പരിഹരിച്ച് പദ്ധതി നടപ്പിലാക്കാതിരുന്നത് നിർവഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. ഈ തുക വിനിയോഗിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം സ്പിൽ ഓവറായി പാസ്സാക്കിയിട്ടുണ്ടെന്നും മറുപടിയിൽ ഉൾക്കൊള്ളിച്ചിരിയ്ക്കുന്നു. എന്നാൽ തുക പഞ്ചായത്തിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിപ്പണം പാഴാകാതെ ഫലപ്രദമായി ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയും സ്റ്റാൻഡിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-24 പാലീയേറ്റീവ് കെയർ - മരുന്നിന്റെ സ്റ്റോക്ക് വിവരങ്ങളും ക്രെഡിറ്റ് ഇൻവോയിസ് ബില്ലിലെ വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| പദ്ധതിയുടെ പേര് | പാലീയേറ്റീവ് കെയർ | ചെലവ് |
|---|---|---|
| പ്രൊജക്റ്റ് നം | 40/21 | |
| അടങ്കൽ | ₹1700,000/- (₹5,00,000- | 1158430 |

| | | |
|---|---|---|
| | വികസന ഫണ്ട്, ₹2,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹10,00,000 മെയന്റനസ് -നോൺ റോഡ് വിഹിതം) | |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 4/തീയതി 12.5.2021 ₹32,340<br>16/തീയതി 9.06.21 ₹ 25,080<br>9/തീയതി 5.8.2021 ₹31,530<br>105/തീയതി 16.08.2021 ₹1,200<br>115/തീയതി 31.8.2021 ₹31,430<br>134/തീയതി 28.8.2021 ₹29,630<br>176 /തീയതി 13.11.2021 ₹30,570<br>329/തീയതി 31.1.2022₹34,050<br>75/തീയതി 26.7.2021₹ 8,00,000<br>280/തീയതി 10.01.2021₹ 69,181<br>412/തീയതി 14.3.2022 ₹33,842<br>491/തീയതി 31.03.2022 ₹39,577<br>ആകെ - ₹11,38,983 | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി<br>വെമ്പായം | |

പാലിയേറ്റീവ് പ്രവത്തനങ്ങൾക്കായി 800000/- രൂപയുടെ മരുന്ന് വാങ്ങിയതിൽ ചില ക്രെഡിറ്റ് ഇൻവോയിസ് ബില്ലും സ്റ്റോക്ക് രേഖപ്പെടുത്തുന്ന ഡി.ഡി.എം.എസ് സോഫ്റ്റ് വെയറുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യാസങ്ങൾ കണ്ടെത്തി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ക്രെഡിറ്റ് ഇൻവോയിസ് ബില്ല പ്രകാരം | | | സ്റ്റോക്ക് വിവരം(ഡി.ഡി.എം.എസ്) പ്രകാരം | | |
|---|---|---|---|---|---|---|
| | എണ്ണം | തുക | ആകെ തുക | എണ്ണം | തുക | ആകെ തുക |
| Revalamer Carbonate Tab 400 Mg -10nos | 200 | 73.03 | 14606 | 2000 | 308.69 | 617380 |
| Pampers XL 56 | 8 | 1600 | 12800 | 8 | 28.57 | 228.56 |

വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/25.08.2022) മറുപടിയായി ഡി.ഡി.എം.എസ് സോഫ്റ്റ് വെയറിൽ എൻട്രി രേഖപ്പെടുത്തിയപ്പോൾ ഫാർമസിസ്റ്റിനു സംഭവിച്ച കൈപ്പിഴയാണ് എന്നും അത് ഡി.ഡി.എം.എസ് സോഫ്റ്റ് വെയറിൽ തിരുത്തുവാൻ ഐ.റ്റി വിംഗിന് ഇമെയിൽ വഴി അറിയിപ്പ് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല .-ചെലവ് തുക 1625000/-രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റ് നം. | SO229/22(സ്പിൽ ഓവർ) | SO 115/22 |
| അടങ്കൽ തുക | 1625000 (വികസന ഫണ്ട് - 812500 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 812500) | 1625000 (വികസന ഫണ്ട് -812500 ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് - 812500) |
| ആകെ ചെലവ് തുക | 812500 | 812500 |
| ബിൽ നം. | 19/10.06.21 | 229/09.12.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |

ആറു മാസത്തിനു താഴെയുള്ള കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്ടുകൾ. ഇതിനായി രണ്ടു പ്രോജക്ടുകളിലുമായി ആകെ 1625000/-രൂപ(8,12,500/- രൂപ വീതം) എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറുടെ 701011400000196നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും മേൽ രണ്ടു പ്രോജക്ടുകളിലുമായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പ്രകാരമുള്ള കാലി തീറ്റയുടെ വിതരണം നടത്തുന്ന സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ(നാൾ വഴി രജിസ്റ്റർ) എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ മേൽ രണ്ടു പ്രോജക്ടുകളിലെ ആകെ ചെലവ് തുകയായ 1625000/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ഭവനപുനരുദ്ധാരണം(ജനറൽ) പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നം | ഭവനപുനരുദ്ധാരണം(ജനറൽ) നം.so 84/22 |
| അടങ്കൽ തുക | 3150000 (വികസന ഫണ്ട് -3099776 തനത് ഫണ്ട് - 50224) |
| ചെലവ് തുക | 1600000 |
| ബിൽ നം. | 289/10.1.22 1025000<br>322/27.1.22 325000<br>352/11.2.22 250000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വെമ്പായം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വാസയോഗ്യമല്ലാത്ത വീടുള്ള പൊതുവിഭാഗത്തിൽപ്പെട്ട 63 (ഒരാൾക്ക് 50000/- രൂപ) ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് നടപ്പിലാക്കിയത്. തെരെഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷം പേരും ഇതിനകം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ചെലവു രേഖകൾ പരിശോധിച്ചതു പ്രകാരം കരാർ വച്ച ഗുണഭോക്താക്കളിൽ 8 പേർ ഭവനപുനരുദ്ധാരണം ഇനിയും പൂർത്തീകരിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | അവസാന ഗഡു വാങ്ങിയ |
|---|---|---|---|

| | | | തീയതി |
|---|---|---|---|
| 1 | സിന്ധു.വി | 25000 | 10.01.22 |
| 2 | ബീമബിവി.പി | 25000 | 10.01.22 |
| 3 | ജയകുമാർ | 25000 | 10.01.22 |
| 4 | ജയകുമാരി | 25000 | 27.01.22 |
| 5 | ജയൻ.ബി | 25000 | 10.01.22 |
| 6 | നിർമല.ബി | 25000 | 27.01.22 |
| 7 | വൽസല | 25000 | 11.02.22 |
| 8 | മണികണ്ഠൻ | 25000 | 11.02.22 |

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26-1 ഭവനപുനരുദ്ധാരണം (എസ്.സി )-പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നം | ഭവനപുനരുദ്ധാരണം(എസ്.സി)<br>നം.ടo 87/22 |
| അടങ്കൽ തുക | 2300000<br>(വികസന ഫണ്ട് -3099776<br>തനത് ഫണ്ട് - 50224) |
| ചെലവ് തുക | 15,50,000 |
| ബിൽ നം. | 277/6.1.22 200000<br>290/10.1.22 350000<br>324/27.1.22 150000<br>339/01.2.22 50000<br>340/02.2.22 50000<br>397/04.3.22 125227<br>406/08.3.22 250000<br>430/19.03.22 174773<br>466/26.03.22 200000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |

വെമ്പായം ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വാസയോഗ്യമല്ലാത്ത വീടുള്ള എസ് സി വിഭാഗത്തിൽപ്പെട്ട 23 (ഒരാൾക്ക് 100000/- രൂപ) ഗുണഭോക്താക്കളുടെ ഭവനം വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് നടപ്പിലാക്കിയത്. 2021-22 സാമ്പത്തിക വർഷത്തെ ചെലവു രേഖകൾ പരിശോധിച്ചതു പ്രകാരം കരാർ വച്ച ഗുണഭോക്താക്കളിൽ 5 പേർ ഭവനപുനരുദ്ധാരണം ഇനിയും പൂർത്തീകരിക്കാനുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | നാളിതുവരെ അനുവദിച്ച തുക | അവസാന ഗഡു വാങ്ങിയ തീയതി |
|---|---|---|---|
| 1 | കുഞ്ഞൻ | 50000 | 10.01.22 |

| | | | |
|---|---|---|---|
| 2 | ജലജ | 50000 | 27.1.22 |
| 3 | സിന്ധു | 50000 | 1.2.22 |
| 4 | സരള.ബി | 50000 | 8.3.22 |
| 5 | സുരേന്ദ്രൻ.കെ | 50000 | 8.3.22 |

മേൽ ഗുണഭോക്താക്കൾ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26-2 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം -രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി - സ്പിൽ ഓവർ |
| പ്രൊജക്ട് നം | 210/22 |
| അടങ്കൽ | ₹8,50,000/- (വികസന ഫണ്ട്) |
| ബിൽനം/ചെക്ക് നം/തീയ്യതി/തുക | 21020352020301386143 തീയതി 19.03.2022 ₹50,000<br>21020352020301019489 തീയതി 27.01.2022 ₹50,000<br>21020352020300823741 തീയതി 22.12.2022 ₹50,000<br>21020352020300823735 തീയതി 25.11.2021 ₹50,000<br>21020352020300539895 തീയതി 21.10.2021 ₹50,000<br>21020352020300487009 തീയതി 04.10.2021 ₹5,00,000<br>ആകെ ₹7,50,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, |

3. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗ്ഗരേഖയുടെ (സ.ഉ (കൈ.) 22/18/ തസ്വഭവ തീയതി 14.2.2018) ഖണ്ഡിക 7.2.17, സ.ഉ (സാധാ) നം 2636/2018/തസ്വഭവ തീയതി 15.10.2018 എന്നിവ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. 13 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമാണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളത്. ഇവരിൽ 12 ഗുണഭോക്താക്കൾ പഠനമുറി നിർമാണം പൂർത്തിയാക്കിയതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണയത്തിന്റെ അടിസ്ഥാനത്തിൽ അവസാന ഗഡു തുക അനുവദിച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) നിലവിലെ വീടിന്റേയോ, നിർമിച്ച പഠനമുറിയുടെയോ വിസ്തീർണ്ണം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2) പഠനമുറി നിർമാണം പൂർത്തിയാക്കിയ ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ചില അപേക്ഷകളിൽ മാത്രമാണ് കെട്ടിട നമ്പർ രേഖപ്പെടുത്തിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ, പഠനമുറിയുടെ നിർമാണം പൂർത്തിയായെങ്കിലും കെട്ടിട നികുതി മാറ്റമില്ലാതെ തുടരുകയാണ്,അതായത് പുതുതായി നിർമിച്ച ഭാഗങ്ങൾക്ക് കെട്ടിട നികുതി ഈടാക്കിയിട്ടില്ലെന്ന് വ്യക്തമാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 16/25.08.22-ന് ലഭ്യമാക്കിയ മറുപടിയിൽ , പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ നിലവിലെ വീടിന്റെ തറവിസ്തീർണ്ണം 800 ചതുരശ്ര അടിയിലും, നിർമ്മിച്ച പഠനമുറിയുടെ തറവിസ്തീർണ്ണം 120ചതുരശ്ര അടിയിലും അധികരിച്ചിട്ടില്ലായെന്നുള്ളത് സ്ഥല പരിശോധനയിലൂടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടുള്ളതായും , മേൽ ഗുണഭോക്താക്കൾക്ക് കെട്ടിട നികുതി പുനർ നിശ്ചയിക്കുന്നതിനുള്ള നടപടികൾസ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിക്കുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-27 പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല – ചെലവ് തുക 68,66,286/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(148/22) | കേരളാ വാട്ടർ അതോറിറ്റി | 31,21,000/- | 247, 16-12-2021 |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (146/22) | കെ.എസ്.ഇ.ബി | 34,90,178/- | 246/16.12.21 235/13.12.21, 409/11.3.22 |
| 3 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (SO) (200/22) | കെ.എസ്.ഇ.ബി | 11,300/- | 17/10.6.21 |
| 4 | ഐ.കെ.എം -ന് തുക നൽകൽ | ഐ.കെ.എം | 243808/- | 66/13.07.21 |
| | | ആകെ | 68,66,286/- | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.14(5) ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച 68,66,286/-രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27-1 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിലേർപ്പെടാതെ തുക നൽകി

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക (₹) | ബിൽ നം, തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(148/22) | കേരളാ വാട്ടർ അതോറിറ്റി | 31,21,000/- | 247, 16-12-2021 | സെക്രട്ടറി |
| 2 | സ്ട്രീറ്റ് ലൈറ്റ് ലൈൻ ദീർഘിപ്പിക്കൽ (146/22) | കെ.എസ്.ഇ.ബി | 34,90,178/- | 246/16.12.21 235/13.12.21, 409/11.3.22 | സെക്രട്ടറി |

സഉ(കൈ) നം11/2018/തസ്വഭവ തീ 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖ.11.2 (ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക നൽകാവൂ എന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാതെ തുക നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14(5) ന് ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി കരാർ ചമയ്ക്കാത്തതിന് കാരണം രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിലവിലെ അവസ്ഥ കൂടി വിശദമാക്കേണ്ടതാണ്.

## 1-28 അങ്കണവാടികളുടെ പ്രവർത്തനാവലോകനം

(1) പഞ്ചായത്ത് പരിധിയിൽ ആകെയുള്ളത് 35അങ്കണവാടികളാണ്. സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള അങ്കണവാടികളെകുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 11 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 11 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | - |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 6 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 35 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 1 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 31 |
| 8 | ശുചിയായ ചുറ്റുപാട് ഇല്ലാത്തവ | - |
| 9 | മൂന്ന മുറിയെങ്കിലും ഇല്ലാത്തവ | 6 |
| 10 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 30 |
| 11 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 5 |
| 12 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 35 |
| 13 | വൈദ്യുതി ഇല്ലാത്തവ | - |
| 14 | Baby Weighing Machine/salter Scale/ Platform Weighing Scale ഇല്ലാത്തവ | - |
| 15 | സൂപ്പർവൈസറുടെ ഫോൺനമ്പറോടു കൂടിയ നെയിം ബോർഡ് ഇല്ലാത്തവ | 35 |
| 16 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 28 |
| 17 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്ന കിറ്റ് എന്നിവ ഇല്ലാത്തവ | - |
| 18 | ക്ലോക്ക്, ബെൽ, ഫോൺ, ഫാൻ, അലമാര, ഫയൽ റാക്ക് എന്നിവ ഇല്ലാത്തവ | 35 |
| 19 | പാചകവാതക സൗകര്യം ഇല്ലാത്തവ | - |
| 20 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | - |
| 21 | ആവശ്യത്തിന കളിക്കോപ്പുകൾ ഇല്ലാത്തവ (Both Indoor And Outdoor) | 30 |
| 22 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 14 |
| 23 | ആവശ്യമായ ഫർണിച്ചർ ഇല്ലാത്തവ | - |
| 24 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | - |
| 25 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ | - |
| 26 | നോട്ടീസ് ബോർഡ് ഇല്ലാത്തവ | 35 |
| 27 | പരാതിപ്പെട്ടി ഇല്ലാത്തവ | 35 |

അങ്കണവാടികളുടെ പ്രവർത്തനം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/23.08.2022) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.3.1എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോ-ഓർഡിനേഷൻ കമ്മിറ്റി രൂപവത്കരിക്കേണ്ടതും, ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെ ഗ്രാമപ്പഞ്ചായത്തുതല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.7 തീയതി 23.8.22)

3) സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.3.4 ൽ അനുശാസിക്കും വിധം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിച്ചതിന്റെയും 2021-22 വർഷം മാസത്തിലൊരിക്കൽ എന്ന കണക്കിൽ അവയുടെ യോഗം ചേർന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

4)സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 3.2.3 Xi. F, Gഎന്നിവ പ്രകാരം വർഷത്തിലൊരിക്കൽ കിണറും മാസത്തിലൊരിക്കൽ ജലസംഭരണിയും വൃത്തിയാക്കേണ്ടതാണ് .വെമ്പായം പഞ്ചായത്തിലെ 35അങ്കണവാടികളിൽ 2എണ്ണത്തിനാണ് കിണർ ഉള്ളതെന്നും ,കിണറും ജലസംഭരണിയും അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റിയുടെ സഹായത്തോടെ വൃത്തിയാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട് .

5)സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1, 4.2.2. എന്നിവയിൽ അനുശാസിക്കും വിധമുള്ള Monthly Progress Report, Annual Progress Report എന്നിവ അങ്കണവാടി തലത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നുണ്ടെന്നും ആയതിന്റെ സെക്ടർ തല റിപ്പോർട്ട് സൂപ്പർവൈസർ സൂക്ഷിക്കുന്നതായും അറിയിച്ചിട്ടുണ്ട്.

6)സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ തീയതി 02.06.2017 ഖണ്ഡിക 4.2.1 പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതികളുടെ നിർവ്വഹണം, അങ്കണവാടികളുടെ പ്രവർത്തനം എന്നിവ മോണിറ്റർ ചെയ്യുകയും ഭാവിയിയിലെ വികസനത്തിനായി പദ്ധതികൾ തയ്യാറാക്കുകയും അങ്കണവാടികളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കുന്നുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നും സ്ഥലം വാങ്ങൽ, കെട്ടിടനിർമ്മാണം എന്നിവയിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സമയോചിതമായി ഇടപെടുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

7)ജി.ഒ(എം.എസ്)4/2016/തസ്വഭവ, തീയതി 11.01.2016 (iii) പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.അങ്കണവാടികളിൽ നിന്ന് പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും ICDS സൂപ്പർവൈസർ,അങ്കണവാടി വെൽഫെയർ കമ്മിറ്റി അംഗങ്ങൾ എന്നിവർക്ക് പുറമേ കുടുംബശ്രീ പ്രവർത്തകർ (ADS അംഗങ്ങൾ),JPHN, HI എന്നിവരും പഞ്ചായത്ത് പ്രസിഡന്റും വാർഡ് മെമ്പർമാരും അടങ്ങുന്ന ഗ്രൂപ്പുകളായും അങ്കണവാടി പ്രവർത്തനം വിലയിരുത്തുന്നതായി അറിയിച്ചിട്ടുണ്ട്.

8)സർക്കുലർ നം 31055/ഡിസി2/2011/തസ്വഭവ, തീയതി 22.03.11 പ്രകാരം അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യണമെന്ന് വ്യക്തമാക്കുന്നുണ്ട്. വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 35അങ്കണവാടികളുടേയും ഫിറ്റ്നസ് അങ്കണവാടി വാടക പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അംഗൻവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്എല്ലാ വർഷവും ഗ്രാമത്തലവൻ യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

## 1-28-1 TR 7A മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ടുകളുടെ വിനിയാഗം സംബന്ധിച്ച ജി ഒ (പി) നം. 177/2006/ഫിൻ തീയതി 12.04.2006 ലെ ഖണ്ഡിക18.3 പ്രകാരം എല്ലാ നിർവ്വഹണ ഉപദ്യാഗസ്ഥരും TR 7A മാതൃകയിലുള്ള ക്യാഷ്ബുക്ക്

സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഐ സി ഡി എസ് സൂപ്പർവൈസർ സൂക്ഷിച്ച വരുന്ന ക്യാഷ് ബുക്ക് ഈ മാതൃകയിലുള്ളതല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22 ന് ഓഡിറ്റ് നിർദ്ദേശം പാലിച്ച് നിർദ്ദിഷ്ട മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കാം എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-29 റോഡ് കണക്റ്റിവിറ്റി മാപ്പ്-തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ നിയമം അനുശാസിക്കുന്ന രീതിയിൽ റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല . ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2022 സെപ്റ്റംബർ 15 ഓടു കൂടി പൂർത്തീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-30 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികൾ- അപാകങ്ങൾ

1 . കരാർ ചമക്കാൻ കാലതാമസം -പിഴ ഈടാക്കിയിട്ടില്ല

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരു പ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. (സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത/ഡെസ്പാച്ച് ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്). 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. കരാർ വയ്ക്കുന്നതിന് കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം. പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ കരാർ വയ്ക്കാനുള്ള അവസാന തീയതി | കരാർ വച്ച തീയതി |
|---|---|---|---|---|---|
| 1 | SOO23/22 | സുരേഷ് .എസ് | 22-1-22 | 27-1-22 | 3-3-22 |
| 2 | 97/22 | സുരേഷ് എസ് | തിയ്യതി രേഖപ്പെടുത്തി യിട്ടില്ല | 16-10-21 | 15-11-21 |
| 3 | 88/22 | സുരേഷ് എസ് | 18-12-21 | 4-1-22 | 3-3-22 |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 26/ 27-8-22 ന ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ പ്രവൃത്തികൾ ടെൻഡർ , റീ ടെൻഡർ എന്നിവ ചെയ്തിട്ടും ആരും എടുക്കാത്തതിനാൽ ഓഫർ മുഖേനെ ഏറ്റെടുത്ത പ്രവൃത്തികളാണെന്നും , സെലക്ഷൻ നോട്ടീസ് നൽകിയിട്ടും എഗ്രിമെന്റ് വക്കാത്ത പ്രവൃത്തികൾ പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുകയുണ്ടായി എന്നും ഓഫർ മുഖേന ഏറ്റെടുത്ത പ്രവൃത്തികളായതിനാൽ പിഴ ഈടാക്കേണ്ട ആവശ്യമില്ല എന്ന കമ്മിറ്റിയിൽ നിന്നും അറിയിച്ചതിനാലാണെന്നാണ് പിഴ ഈടാക്കാതിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത് .

മറുപടി തൃപ്തികരമല്ല , വീഴ്ച വരുത്തിയ കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2 . ഇൻഫോർമേഷൻ ബോർഡ് സ്ഥാപിക്കൽ – കരാറുകാരന് അധിക നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 97/22 |
| പ്രോജക്റ്റിന്റെ പേര് | ഇടുക്കും തല വാഴ വിളാകം റോഡ് മെയിന്റനൻസ് |
| കരാറുകാരൻ | സുരഷ് എസ് |
| എം ബുക്ക് നം | 90/20-21 |
| ബിൽ നം | 41/26-3-22-463088 |
| ഫണ്ടിനം | മെയിന്റനൻസ് ഫണ്ട്( റോഡ്) |

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇനം 7 പ്രകാരം ഇൻഫോർമേഷൻ ബോർഡിന് ( 75*60 Cm ) 2542.37 രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത് . എന്നാൽ കരാറുകാരൻ എസ്റ്റിമേറ്റിനെക്കാൾ അധികരിച്ച് 5198 രൂപയാണ് ക്വാട്ട് ചെയ്തത് . നിരക്ക് നെഗോഷിയേറ്റ് ചെയ്യുന്നതിനായി 02/AE/LSGD/VBM/20-21 തിയ്യതി 23-21 പ്രകാരം കരാറുകാരനോട് ആവശ്യപ്പെട്ടതിനനുസരിച്ച് 23/10/21 ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യാമെന്ന് കരാറുകാരൻ സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ ബില്ലിൽ നിന്നും 5198/- രൂപ കരാറുകാരന് നൽകി. ഉക നെഗോഷിയേറ്റ് ചെയ്തിട്ടും അധിക ഉക അനുവദിക്കുന്നതിനിടയായതിൽ വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 30/27-8-22ന് ലഭ്യമാക്കിയ മറുപടിയിൽ ഉക തിരികെ ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അധികം അനുവദിച്ച ഉക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗം - സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (സാധാ.) നം.3119/2016/ത.സ്വ.ഭ.വ./17.11.2016 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന 10% റോഡ് പ്രവൃത്തികളിലെങ്കിലും 10% പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും സൈസ് വ്യത്യാസമില്ലാതെ ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനും അനുമതി നൽകിയിരുന്നു. വെമ്പായം ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ആകെ രണ്ടു പ്രവൃത്തികളിൽമാത്രമാണ് ഷ്രെഡഡ്പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടുള്ളത് എന്ന് ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.04/22. 08.2022)മറുപടിയായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 പാഥേയം പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 26/22 |
| പ്രോജക്റ്റിന്റെ പേര് | പാഥേയം |
| അടങ്കൽ | 200000/- |
| ചെലവ് | 200000/ |
| ഫണ്ടിനം | തനതു ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ഓഡിറ്റ് എൻക്വയറി | 42/29-8-22 |
| വൌച്ചർ നമ്പർ | 22101268/18-3-22 |

പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്തിന് 200000/- രൂപ കൈമാറിയിട്ടുണ്ട്. ഉകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നമ്പർ 42/29-8-22) ഉക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട് . ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-33 ടേക്ക് എ ബ്രേക്ക് പദ്ധതി ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 97/22 |
| പ്രോജക്റ്റിന്റെ പേര് | ടേക്ക് എ ബ്രേക്ക് പദ്ധതി |
| കരാറുകാരൻ | അമ്പാടി കോൺട്രാക്ടേഴ്സ് |
| അടങ്കൽ | 1627192 |

| | |
|---|---|
| ചെലവ് | 1166036 |
| എം ബുക്ക് നം | 72/20-21, 93/20-21 ;273/21-22 |
| ചെക്ക് നം. | 5996178/17.3.22, 21000<br>5996187/26.3.22, 866036 |
| ഫണ്ടിനം | എസ് ബി എം<br>കോർപ്പറേഷൻ വിഹിതം<br>ധന കാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |

എ) ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി തൻ വർഷം 1166036/- രൂപ ചെലവുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം ടേക്ക് എ ബ്രേക്ക് ടോയ് ലറ്റ് കോംപ്ലക്സ് പ്രീമിയം ടൈപ്പ് വേറ്റിനാട് പെട്രോൾ പമ്പിന് മുൻവശത്തുള്ള പുറമ്പോക്ക് ഭൂമിയിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എം സി റോഡി നരികിലായതിനാൽ ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിചേരാവുന്നതാണെന്നും വില്ലേജ് ഓഫീസർക്ക് സ്ഥലം അളക്കുന്നതിനായി കത്ത് നൽകിയതായും രേഖപ്പെടുത്തലുണ്ട് . എന്നാൽ വേറ്റിനാട് പുറമ്പോക്ക് ഭൂമിയിൽ ടോയ് ലറ്റ് സമുച്ചയം നിർമ്മിക്കാതെ കണക്കോട് മാർക്കറ്റിലാണ് നിലവിൽ ആയത് നിർമ്മിച്ചിട്ടുള്ളത്. നിർദ്ദിഷ്ട സ്ഥലത്തു നിന്നും മാറി മാർക്കറ്റിനുള്ളിൽ സമുച്ചയം നിർമ്മിച്ചത് ഭരണസമിതി തീരുമാനം ലഭ്യമായിട്ടാണോ എന്നത് വിശദീകരിക്കേണ്ടതാണ്.

ബി) പദ്ധതിക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച അനുമതി ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയുണ്ടായെങ്കിലും ലഭ്യമാക്കുകയുണ്ടായില്ല (ഓഡിറ്റ് എൻക്വയറി നം -58/30-8-22) . 30-8-22 ന നടത്തിയ സ്ഥല പരിശോധനയിൽ 9/21 ൽ ഉദ്ഘാടനം കഴിഞ്ഞ ടോയ് ലറ്റ് ബ്ളോക്ക് നിലവിൽ പ്രവർത്തന രഹിതമായി അടഞ്ഞു കിടക്കുന്നതായും വാഹനങ്ങൾ ആയതിനു മുന്നിൽ പാർക്കു ചെയ്തിട്ടുള്ളതായും കണ്ടു. ഇക്കാര്യം അന്വേഷിച്ചതിൽ ആയത് പൂട്ടി താക്കോൽ പഞ്ചായത്തിൽ സൂക്ഷിച്ചു വരികയാണെന്നും കെട്ടിടത്തിലെ കഫേ ഏരിയ നടത്തിപ്പിനായി ആരെയും ഏൽപിച്ചിട്ടില്ല എന്നും അറിയിക്കുകയുണ്ടായി . കണക്കോട് മാർക്കറ്റിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥാപിച്ചിരിക്കുന്ന കരംകുളം പഞ്ചായത്തിന്റെ ടേക്ക് എ ബ്രേക്ക് സമുച്ചയം നല്ല രീതിയിൽ പ്രവർത്തിക്കുമ്പോഴാണ് ലക്ഷങ്ങൾ ചെലവഴിച്ചു നിർമ്മിച്ച ടോയ്‌ലറ്റ് മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചതിനാൽ നിഷ്ക്രിയ ആസ്തിയായി തുടരുന്നത് .







ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം നിർമ്മാണം പൂർത്തികരിച്ച കെട്ടിടം പൊതുജനങ്ങൾക്ക് പ്രയോജനകരപ്രദമാം വിധം പ്രവർത്തനം ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 എ ഇ ഓഫീസിന് വാഹന സൌകര്യം ഏർപ്പെടുത്തൽ- കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | 123/22 |
| പ്രോജക്റ്റിന്റെ പേര് | വെമ്പായം ഗ്രാമ പഞ്ചായത്ത് മരാമത്ത് പ്രവർത്തനങ്ങൾക്ക് വാഹന സൌകര്യം ഏർപ്പെടുത്തൽ |
| അടങ്കൽ | 360000 |
| ചെലവ് | 261278 |

| | |
|---|---|
| ഫണ്ടിനം | തനതു ഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |

പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് വാഹനം കരാർ അടിസ്ഥാനത്തിൽ ഉപയോഗിച്ചതിന് കരാറുകാരനായ ബിനു കുമാറിന് 261278/- രൂപ നൽകിയിട്ടുണ്ട് . 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30000/- രൂപയ്ക്ക് മുകളിൽ പേയ്മെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട് . ശ്രീ ബിനു കുമാറിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (58/30-8-22) മറുപടി ലഭ്യമാക്കിയിട്ടില്ല . നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 0 | 1000000 | 215/22 ലൈഫ് പദ്ധതി (ജനറൽ) | 1000000 | 0 |
| | | 0 | 470000 | 212/22 ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 470000 | 0 |
| | | 0 | 160000 | 211/22ന്യൂ ലൈഫ് പെരുംക്കുർ ലക്ഷം വീട് കോളനി ഭവന പുനരുദ്ധാരണം (എസ്സി) | 160000 | 0 |
| | | 0 | 698250 | 63/22 സ്നേഹസ്പർശം സ്കോളർഷിപ്പ് | 698250 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 400000 | 103/22 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 400000 | 0 |
| | | 901785 | – | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | *94875 | 806910 |
| | ആകെ | 901785 | 2728250 | | 2823125 | 806910 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 0 | 14404 | 33/22 കേദാരം സമഗ്രനെൽകൃഷി വികസന പദ്ധതി | 14404 | 0 |
| | | 0 | 150000 | 209/22 ലക്ഷം വീട് പുനരുദ്ധാരണം (എസ്.സി.പി) | 150000 | 0 |
| | | 0 | 720000 | 216/22 ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ) | 720000 | 0 |
| | | 0 | 520000 | 212/22 ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) രണ്ടാം ഘട്ടം പുതിയ ഗുണഭോക്താക്കൾക്ക് ധനസഹായം | 520000 | 0 |
| | | 0 | 698250 | 63/22 സ്നേഹസ്പർശം സ്കോളർഷിപ്പ് | 698250 | 0 |
| | | 0 | 65552 | 103/22 ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 65552 | 0 |
| | | 415775 | – | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | – | 415775 |
| | ആകെ | 415775 | 2168206 | | 2168206 | 415775 |
| മുനിസിപ്പൽ കോർപ്പറേഷൻ | 2021-22 | 0 | 400000 | 177/22 ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് | 400000 | 0 |
| | | 3272866 | 466036 | മുൻ വർഷത്തെ മറ്റ് പ്രോജക്ടുകൾ | 466036 | 2806830 |
| | ആകെ | 3272866 | 866036 | | 866036 | 2806830 |

* ബ്ലോക്കിലേക്ക് തിരിച്ചടച്ച ചെലവഴിക്കാതെ അവശേഷിച്ച ബാലൻസ് തുക

| | 2020-21 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 RP-7, RP-31 പ്രകാരം വരവ് | ആകെ | സ്വലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | തിരിച്ചടവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 901785 | 2728250 | 3630035 | 2728250 | 901785 | 94875 | 806910 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 415775 | 2168206 | 2583981 | 2168206 | 415775 | 0 | 415775 |
| മുനിസിപ്പൽ കോർപ്പറേഷൻ | 3272866 | 400000 | 3672866 | 866036 | 2806830 | 0 | 2806830 |

| വിഹിതം | | | | | | | | |
|---|---|---|---|---|---|---|---|---|

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തി യുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചത് | നീക്കി യിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കേരള വാട്ടർ അതോറിറ്റി | 6600000 | 148/22 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 3121000 | - | 3121000 | - | 9721000 |
| | | ആകെ | 3121000 | - | 3121000 | | |
| കെ.എസ്.ഇ.ബി | 37252 | 146/22 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 3501478 | - | 3501478 | - | 3538730 |
| | | ആകെ | 3501478 | - | 3501478 | | |

| നിർവഹണ ഏജൻസി | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം RP-47 | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് | 2021-22 B-18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 6600000 | 3121000 | 9721000 | - | 9721000 | 9721000 |
| കെ.എസ്.ഇ.ബി | 37252 | *3490178 | 3527430 | - | 3527430 | 3527430 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 524500 | - | 524500 | - | 524500 | 524500 |

*പ്രോജക്ട് നമ്പർ 200/22 ന്റെ ഭാഗമായി 11300/- രൂപ കെ.എസ്.ഇ.ബി യ്ക്ക് അനുവദിച്ചതിന്റെ ചെലവ് R-47 ൽ വന്നിട്ടില്ല. കൂടാതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത തുകയെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാ രംഭത്തിൽ തിരിച്ചട യ്ക്കുവാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | | 72452000 | - | 6556000 | 65896000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്ജ് /സർ ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 38451478 |
| ഓഡിറ്റ് വർഷത്തെ വരവ് | 133737021 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 131547001 |
| നീക്കിയിരിപ്പ് | 40641498 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8604982 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19-2 | 25,276 | ശ്രീമതി .ദീപ റ്റി സി, കൃഷി ഓഫീസർ |
| 1-19-3 | 9,320 | ശ്രീമതി .ദീപ റ്റി സി, കൃഷി ഓഫീസർ |
| 1-20 | 79,100 | ഷറഫുദ്ദീൻ ഇ, ഹെഡ് മാസ്റ്റർ |
| 1-25 | 16,25,000 | ഡോ. സ്പിനോള, വെറ്ററി നറി സർജ്ജൻ |
| 1-27 | 68,66,286 | റഫീക്ക് ബി, സെക്രട്ടറി |
| ആകെ | 86,04,982 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.റഫീക്ക്.ബി സെക്രട്ടറി | സെക്രട്ടറി, വെമ്പായം ഗ്രാമ പഞ്ചായത്ത് | അൽഫാജർ, ഗുരുകുലം നഗർ , 101 ,പേരൂർക്കട |
| 2 | ശ്രീമതി ദീപ. റ്റി.സി | കൃഷി ഓഫീസർ വെമ്പായം ഗ്രാമ പഞ്ചായത്ത് | ഗ്രീഷ്മ , ഈസ്റ്റ് മുക്കോലക്കൽ കല്ലയം |
| 3 | ശ്രീ.ഷറഫുദ്ദീൻ.ഇ ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ ഗവ എൽ പി സ്കൂൾ | എസ് എസ് ഹൌസ് കുന്നത്താംകോണം , ചെമ്പൂര്, മുദാക്കൽ |
| 4 | ഡോ. സ്പിനോള വെറ്ററി നറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ വെമ്പായം ഗ്രാമ പഞ്ചായത്ത് | ഗാഫ് ഹിൽ , ശ്രീകാര്യം പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 4 (3-7, 3-1-1, 3-8-1, 3-8-2) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 2 (3-2, 3-8 (എ), (ബി), (സി)) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 1 (3-2-2) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 8 (3-2, 3-3, 3-3-1, 3-3-2, 3-3-3, 3-4, 3-4-1, 3-8) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 3 (3-4, 3-5-2, 3-6-1) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 3 (3-5, 3-6, 3-7) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 5 (3-4, 3-5, 3-8, 3-11, 3-13) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 7 (3-1 (എ), 3-1 (ബി), 3-1 (സി), 3-2, 3-3, 3-6, 3-7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം./ജി.പി.1/1923/2022 തീയതി 25.10.2022 | 4 (2-10, 3-10, 3-11, 3-14) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/190/19 തീയതി 10.04.2019 | 22 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം./ജി.പി.6/458/19 തീയതി 22.05.2020 | 37 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം./ജി.പി.10/1738/21 തീയതി 08.02.2022 | 45 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/912/2022 തീയതി 30.06.2022 | 30 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ബി.റ്റി.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്